MAHBIL/2015/63218 | MNE/353/2018-20 | MR/Tech/WPP-323/NE/2018

# Kalyan Lantern

October - November 2020

Vol. 06 | Issue 06 | MUMBAI | 34 Pages | Price: ₹10/-

## പ്രഥമ ഇടയന്റെ ഓർമ്മകളിൽ...






OUR FIRST BISHOP

## Mar Paul Chittilappilly

*We fold the fulfilled poem of his life*
*Into a paper Lantern and release it,*
*So that his living light may fill all the spaces*
*Where his presence now cannot be.*

ഞങ്ങളുടെ പ്രഥമ മെത്രാന്റെ

## 41-ാം ചരമദിനം



# Mar Paul Chittilappilly

BORN: 7 FEBRUARY, 1934
ORDINATION: 18 OCTOBER, 1961
EPISCOPAL ORDINATION: 24 AUGUST, 1988
DIED: 6 SEPTEMBER, 2020

FIRST BISHOP OF
KALYAN DIOCESE : 1988 - 1997

BISHOP OF
THAMARASSERY DIOCESE : 1997 - 2010

**ബാഷ്പാഞ്ജലികളോടെ...**

കല്യാൺ രൂപത അദ്ധ്യക്ഷൻ,
വൈദീക കൂട്ടായ്മ, സന്യസ്തസമൂഹങ്ങൾ,
അത്മായ പ്രതിനിധികൾ, കല്യാൺ രൂപത മക്കൾ

(17.10.2020)

KALYAN LANTERN
DIOCESE OF KALYAN

YOUR WORD IS A LAMP TO MY FEET & A LIGHT TO MY PATH

OCT. - NOV. 2020
Vol. 06 | Issue 06

PATRON
Bishop Mar Thomas Elavanal

CHAIRMAN
Msgr. Emmanuel Kadankavil

CHIEF EDITOR
Fr. Biju Mannamcheril

ASSOCIATE EDITOR
Fr. Shaiju Augustine Kattayath

EDITORIAL BOARD
Dr. C.P. Johnson
Mr. George Chirayath
Mr. A.F. Thomas
Mr. Jimmy Antony
Mr. Antony Cyriac
Ms. Jerin Jacob
Mrs. Elizabeth Dimal

MARKETING MANAGERS
Fr. Sebastian Mudakkalil
Mr. Roy Philip

CIRCULATION MANAGER
Fr. Royas Kalaparambil

CONSULTORS
Dr. Rosily Thomas
Mr. Roy Kottaram
Mr. Babu Mathew
Mr. Joseph John

OFFICE SECRETARY
Mr. Joseph Chiramal

DESIGN & LAYOUT
Mr. Josemon Vazhayil

Diocese of Kalyan, Plot No. B/38,
P.B. No. 8434, IIT P.O., Powai,
Mumbai, Maharashtra, India 400076.
Tel. (+91) (022) 2578 5515, 2578 2385
E-mail: kalyanlantern@gmail.com
Website: www.kalyandiocese.com
Matrimonial: www.godsownchoice.com

MAHBIL/2015/63218 | MNE/353/2018-20



# പ്രണാമം

ജീവിതം കൊണ്ട് പരിമളം തൂകി, ദൈവത്തിനും അവിടുത്തെ ജനത്തിനും പ്രീതികരമായി തീർന്ന ജീവിതമാണ് അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റേത്.

ഒന്നുമില്ലായ്മയിൽ നിന്നും ഒരു രൂപതക്കു രൂപം കൊടുക്കാൻ ഭാവി വളർച്ചയുടെ അടിസ്ഥാനമിടാൻ രൂപതാ കേന്ദ്രീകൃതമായ ദൈവജന ശുശ്രൂഷയുടെ ഊടും പാവും നെയ്യാൻ അഭിവന്ദ്യപിതാവിനെ ദൈവം നിയോഗിച്ചു.

“നിന്റെ ഇഷ്ടം നിറവേറട്ടെ” എന്ന തിരുവെഴുത്ത് ഏറ്റെടുത്ത പിതാവ് തന്റെ കർമ്മഭൂമിയിൽ ദൈവമേൽപ്പിച്ച ശുശ്രൂഷകൾ ആരംഭിച്ചു.

പ്രാദേശിക അപരിചതത്വമോ ഭാഷാ പ്രായോഗികപരിചയക്കുറവോ വകവയ്ക്കാതെ ചിതറി കിടന്ന ആട്ടിൻ കൂട്ടങ്ങളെ ഒരേ മേച്ചിൽപ്പുറത്ത് മേയ്ക്കുന്നതിന് അത്ഭുതാവഹമായ നേതൃത്വമാണ് പിതാവ് വഹിച്ചത്.

ദൈവം തിരഞ്ഞെടുത്ത പ്രവാചകന്മാരെ ലോകത്തിന്റെ വിവിധ കോണുകളിലേക്ക് അയച്ചതുപോലെ കേരളത്തിൽ നിന്നും മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിനെ ദൈവം മഹാരാഷ്ട്രയിലെ കല്യാൺ രൂപതയ്ക്കായി കരുതി വെച്ച പ്രദേശത്തേക്ക് മറ്റൊരു പ്രവാചകദൗത്യം ഏൽപ്പിച്ചു വിടുകയായിരുന്നു.

കേട്ടറിഞ്ഞ മുംബൈ അധോലോക കഥകളും തന്റെ പ്രായവും ഒരുപക്ഷേ മാർഗ്ഗ പ്രയാണത്തിന് വിലങ്ങുതടി ആകാമായിരുന്നെങ്കിലും കരുത്തുറ്റ മനസ്സും കുറിച്ചിട്ട ലക്ഷ്യബോധവുമായി അവിടുന്ന് യാത്ര തിരിക്കുമ്പോൾ ഇവിടെ സഹായിക്കാനും ഒപ്പം നിന്ന് പോരാടാനും വിരലിൽ എണ്ണാവുന്ന വൈദികർ മാത്രമായിരുന്നു കൈത്താങ്ങ്.

ദൈവം ശൂന്യതയിൽ നിന്ന് പ്രപഞ്ചം സൃഷ്ടിച്ചതുപോലെ ഒന്നുമില്ലായ്മയിൽ നിന്നും അത്ഭുതം സൃഷ്ടിച്ചായിരുന്നു തന്റെ ജൈത്രയാത്രയുടെ തുടക്കം.

മരുഭൂമിയിൽ പ്രവാചകന്റെ ശബ്ദം അലയടിച്ചപോലെ മറാത്താ മണ്ണിൽ പോൾ ചിറ്റിലപ്പിള്ളി എന്ന അജപാലകന്റെ ശബ്ദകിരണങ്ങൾ അന്തരീക്ഷത്തിൽ അലിഞ്ഞു ചേർന്നു. അലകളുർത്തി ശബ്ദതരംഗങ്ങൾ പ്രദേശം മുഴുവൻ സഞ്ചരിച്ചു.

കൂട്ടം തെറ്റിയ കുഞ്ഞാടുകൾ ഇടയന്റെ ശബ്ദം തിരിച്ചറിഞ്ഞു.

ക്രാന്തദർശിയായ പ്രവാചകനായി,
ആദർശ ധർമ്മിഷ്ഠനായ
പ്രജാപതിയായി,
ഭക്തിനിഷ്ഠനായ പുരോഹിതനായി
സർവ്വദാൽ എളിയ ജനത്തിൻ
വലിയ പിതാമഹാ

**അങ്ങേക്കു പ്രണാമം**

# മുഖമൊഴി



**മാർ തോമസ് ഇലവനാൽ**
കല്യാൺ രൂപതയുടെ മെത്രാൻ

ഈശോയിൽ പ്രിയപ്പെട്ടവരേ,

നമുക്കേറ്റം പ്രിയപ്പെട്ട അഭിവന്ദ്യ പോൾ ചിറ്റില പ്പിള്ളി പിതാവിന്റെ നിര്യാണത്തിൽ ഏറ്റം വേദനി ക്കുന്നവരാണ് നാമെല്ലാവരും. പിതാവിന് ലഭിച്ച വലിയ അനുഗ്രഹമായി ഞാൻ കാണുന്നത് പിതാ വിന് ഒരു ഭാഗ്യമരണം ലഭിച്ചു എന്നതാണ്. ആത്മീ യമായ നല്ല ഒരുക്കത്തോടെ മരണത്തെ സന്തോഷ ത്തോടെ സ്വീകരിക്കുവാൻ പിതാവിന് സാധിച്ചു.

**ചിറ്റിലപ്പിള്ളി പിതാവിനെ കല്യാൺ രൂപതയുടെ പ്രഥമമെത്രാനെന്നു മാത്രമല്ല 'കല്യാൺ രൂപതയുടെ പിതാവ്' എന്നു വിശേഷിപ്പിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കാരണം ഇല്ലായ്മയിൽ നിന്ന് നമ്മുടെ രൂപതക്ക് ഒരർത്ഥ ത്തിൽ ജന്മം കൊടുത്ത് പരിപാലിച്ചു വളർത്തിയത് ചിറ്റിലപ്പിള്ളി പിതാവാണ്.**





പിതാവിന്റെ മരണത്തെ തുടർന്ന് നാല്പതു ദിവസങ്ങൾ അനുശോചനദിനങ്ങളായും പിതാവിനു വേണ്ടിയുള്ള പ്രാർത്ഥനാദിനങ്ങളായും നമ്മൾ മാറ്റിവച്ചിരിക്കുന്നത് നമുക്ക് പിതാവിനോടുള്ള സ്നേഹത്തിന്റേയും കടപ്പാടിന്റേയും എളിയ ഒരു നിദർശനമാണ്. രൂപതയുടെ കല്യാൺ ലാന്റേൺ ഒരു ലക്കം പിതാവിന്റെ ഒരു സ്മരണികയായി പ്രസിദ്ധീകരിക്കുന്നത് സമുചിതമാണ്. പിതാവിനോട് നമ്മുടെ രൂപതക്ക് പറഞ്ഞു തീർക്കാൻ സാധിക്കാത്ത കടപ്പാടുണ്ടെന്നത് നമുക്കെല്ലാവർക്കുമറിയാം.


ചിറ്റിലപ്പിള്ളി പിതാവിനെ കല്യാൺ രൂപതയുടെ പ്രഥമമെത്രാനെന്നു മാത്രമല്ല 'കല്യാൺ രൂപതയുടെ പിതാവ്' എന്നു വിശേഷിപ്പിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കാരണം ഇല്ലായ്മയിൽ നിന്ന് നമ്മുടെ രൂപതക്ക് ഒരർത്ഥത്തിൽ ജന്മം കൊടുത്ത് പരിപാലിച്ചു വളർത്തിയത് ചിറ്റിലപ്പിള്ളി പിതാവാണ്. "ക്രിസ്തുവിൽ വിശ്വാസം വഴി നിങ്ങൾക്കു ജന്മം നല്കിയത് ഞാനാണ്". തന്മൂലം ഞാനാണ് നിങ്ങളുടെ പിതാവെന്ന് കോറിന്തോസിലെ ജനങ്ങളെ വി. പൗലോസ് ഓർമ്മിപ്പിക്കുന്നത് ഇവിടെ സ്മരണീയമാണ് (1 കൊറി. 4:15). അതുപോലെ തന്നെ വി. പൗലോസ് പറയുന്നുണ്ട്. "ഞാൻ നട്ടു; അപ്പോളോസ് നനച്ചു; എന്നാൽ ദൈവമാണ് വളർത്തിയത്" (1 കൊറി. 3:6) എന്ന്. ഇവിടെയും, നമ്മുടെ രൂപതയാകുന്ന വടവൃക്ഷത്തെ നട്ടത് ഒരു പൗലോസുതന്നെയാണ്. നമ്മളൊക്കെ നനച്ചപ്പോൾ ദൈവം വളർത്തി. ഇന്ന് നമ്മുടെ രൂപതക്ക് എന്തെങ്കിലും വളർച്ചയുണ്ടായിട്ടുണ്ടെങ്കിൽ അത് പിതാവ് നട്ടതിന്റേയും വളർത്തിയതിന്റേയും ഫലങ്ങൾ മാത്രമാണെന്ന് നമുക്ക് ഓർക്കാം.

പ്രധാനമായും രണ്ട് ദർശനങ്ങൾ നല്കിക്കൊണ്ടാണ് പിതാവ് രൂപതയെ വളർത്തിയത്. ഒന്ന് രൂപതാംഗങ്ങളായ വിശ്വാസികൾക്ക് സമഗ്രമായ അജപാലനശുശ്രൂഷ ലഭിക്കുക. രണ്ട് ഫലപ്രദമായ സുവിശേഷവൽക്കരണം നടത്തുക. ഈ രണ്ടു ദർശനങ്ങൾ കാത്തു സൂക്ഷിച്ചുകൊണ്ടായിരുന്നു പിതാവിന്റെ എല്ലാ പ്രവർത്തനങ്ങളും. അജപാലനശുശ്രൂഷയിൽ മനസ്സു മടുക്കാത്ത പ്രതിബന്ധതയുടേയും പ്രേഷിതചൈതന്യത്താൽ എരിയുന്ന ഒരു ഹൃദയത്തിന്റേയും ഉടമയായിരുന്നു നമ്മുടെ പിതാവ്.

കല്യാൺ രൂപതയേയും രൂപതാംഗങ്ങളേയും ആത്മാർത്ഥമായി സ്നേഹിച്ചിരുന്നതുകൊണ്ട് പിതാവ് ഇവിടെനിന്ന് സ്ഥലം മാറിപ്പോയശേഷവും നമ്മുടെ രൂപതയെ ഹൃദയത്തിൽ കൊണ്ടുനടക്കുകയും രൂപതക്കും രൂപതാംഗങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുകയും അവരോട് ക്ഷേമാന്വേഷണങ്ങൾ നടത്തുകയും ചെയ്യുമായിരുന്നു.

എനിക്ക് വ്യക്തിപരമായും ചിറ്റിലപ്പിള്ളി പിതാവിനോട് ഒത്തിരി സ്നേഹവും കടപ്പാടുമുണ്ട്. പിതാവിന്റെ പിൻഗാമിയായി ഞാൻ രൂപതയുടെ ഉത്തരവാദിത്തം ഏറ്റെടുത്ത നാൾ മുതൽ പിതാവ് എന്നെ സ്വന്തം അനുജനെപ്പോലെ സ്നേഹിക്കുകയും ഇടയ്ക്കിടെ ഫോണിൽ വിളിച്ച് സംസാരിക്കുകയും ചെയ്യുമായിരുന്നു. പിതാവിന്റെ സ്നേഹമസൃണമായ ഉപദേശങ്ങൾ എനിക്ക് ഒരിക്കലും മറക്കാൻ സാധ്യമല്ല.

കല്യാൺ രൂപതയുടെ ചരിത്രം ചിറ്റിലപ്പിള്ളി പിതാവിന്റെ ജീവിതത്തോട് അഭേദ്യം ബന്ധപ്പെട്ടതാണ്. അതുകൊണ്ട് കല്യാൺ രൂപതക്ക് ചിറ്റിലപ്പിള്ളി പിതാവിനെ ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. കല്യാൺ രൂപതയുടെ എല്ലാ മക്കളുടേയും ഹൃദയത്തിൽ മായാത്ത മുദ്ര പതിപ്പിച്ച വ്യക്തിയാണ് പിതാവ്. His memory will ever remain engraved in the hearts of the people of Kalyan Diocese. കല്യാൺ രൂപതയെ ഇത്രമാത്രം സ്നേഹിച്ച പിതാവിനെ നമ്മുടെ രൂപതക്കുവേണ്ടി എന്നും മാദ്ധ്യസ്ഥം അപേക്ഷിക്കുന്ന ഒരു സ്വർഗ്ഗീയ മദ്ധ്യസ്ഥനായി നല്കണമേ എന്ന് നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. നല്ലവനായ ദൈവം നമ്മുടെ പ്രിയപ്പെട്ട പിതാവിന് നിത്യം സമ്മാനം നല്കി അനുഗ്രഹിക്കട്ടെ.



# സ്നേഹം, സഹനം, സേവനം



**Fr. Antony Kollannur**
has served as the Vicar General, Judicial Vicar, Chancellor, Vice-Chancellor, Secretary, PRO and Parish Priest in the Eparchy of Kalyan. At present, he is the Director of Savio Home, Manakody and a Judge at the Metropolitan Tribunal, Trichur.

നമ്മുടെ പ്രിയങ്കരനായ ചിറ്റിലപ്പിള്ളി പിതാവിന്റെ ആകസ്മിക ദേഹവിയോഗത്തിന്റെ നാല്പത്തിയൊന്നാം ദിനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയിൽ പിതാവിനോടു കൂടെ പ്രവർത്തിച്ച ഏതാനും വർഷങ്ങളിലെ ദീപ്തമായ അനുഭവങ്ങൾ പങ്കുവെക്കുന്നതിൽ വലിയ ചാരിതാർത്ഥ്യമുണ്ട്. 1988 മെയ് 19-ന് കല്യാൺ രൂപതയുടെ പ്രഖ്യാപനം ഉണ്ടായതു മുതൽ രൂപതയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പിതാവിന്റെ വളരെ അടുത്ത സഹപ്രവർത്തകനായി ശുശ്രൂഷ ചെയ്യാൻ ഭാഗ്യം ലഭിച്ചത് വലിയ അനുഗ്രഹമായി ഞാൻ കരുതുകയാണ്. മെയ് 19-ാം തീയതി തന്നെ പിതാവ് എന്നെ വിളിച്ച് കല്യാൺ രൂപതയിൽ പ്രവർത്തിക്കുവാൻ വരണമെന്ന് സ്നേഹപൂർവ്വമായ നിർബന്ധത്തോടെ ക്ഷണിക്കുകയുണ്ടായി. പിതാവിന്റെ ഈ സ്നേഹപൂർവ്വമായ നിർബന്ധമാണ്. മെത്രാഭിഷേക ചടങ്ങുകളും രൂപതയുടെ ഉദ്ഘാടനവും കഴിയുന്നതു വരെ രൂപതയിൽ പ്രവർത്തിക്കുവാനായി കല്യാണിൽ വന്ന എന്നെ തുടർന്നു നാലു വർഷത്തേക്കും പിന്നീട് പൂർണ്ണമായും, കല്യാൺ രൂപതയിലെ ശുശ്രൂഷയ്ക്കായി സന്നദ്ധനാകുവാൻ പ്രേരിപ്പിച്ചത്.

രൂപതാപ്രഖ്യാപനത്തിന് ഏതാനും ദിവസങ്ങൾക്കു ശേഷം നാട്ടിൽ വന്ന അഭിവന്ദ്യ പിതാവിനോടു കൂടെ വിവിധ രൂപതാകേന്ദ്രങ്ങളിലും സമർപ്പിത സമൂഹങ്ങളിലും സന്ദർശനം നടത്തുവാൻ എനിക്കും അവസരമുണ്ടായി. തുടക്കം മുതലേ രൂപതയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദികരുടെയും സമർപ്പിതരുടെയും സേവനം ഉറപ്പാക്കുന്നതിനു വേണ്ടിയായിരുന്നു. ആ യാത്രകൾ അതുകൊണ്ടു അധികം താമസിയാതെ തന്നെ ഒരു ലക്ഷത്തോളം വരുന്ന വിശ്വാസിസമൂഹത്തിന്റെ അജപാലന ശുശ്രൂഷയ്ക്ക് വേണ്ട സംവിധാനങ്ങൾ ഒരുക്കുവാൻ പിതാവിനു കഴിഞ്ഞു. തന്റെ ദൗത്യം പ്രധാനമായും ചിതറിക്കിടക്കുന്ന പ്രവാസികളെ ഒരുമിച്ചുകൂട്ടി അവരുടെ സഭാവിശ്വാസത്തിനും പാരമ്പര്യത്തിനും അനുയോജ്യമായ അജപാലനശുശ്രൂഷ നൽകണമെന്നതായിരുന്നു എന്ന് പിതാവിന് ഉറച്ചബോധ്യമുണ്ടായിരുന്നു. അതോടൊപ്പം രൂപതയ്ക്ക് ആവശ്യമായ മറ്റു സംവിധാനങ്ങളും പിതാവ് സ്വപ്നം കണ്ടിരുന്നു. പൗരസ്ത്യ തിരുസംഘം പ്രീഫെക്ട് കർദ്ദിനാൾ ലൂർദ്ദ് സ്വാമിയുടെ 1988 ഡിസംബർ 24 ലെ സന്ദർശനവേളയിൽ തന്നെ കത്തീഡ്രലിനും ബിഷപ്സ് ഹൗസിനും സെമിനാരിക്കും പാസ്റ്ററൽ സെന്ററിനും മറ്റും വേണ്ടിയുള്ള തറക്കല്ലുകൾ വെഞ്ചിരിച്ച് സാന്തോം സെന്ററിൽ തന്റെ മുറിയിൽ താൻ ഇരിക്കുന്നതിന് മുകളിലുള്ള റാക്കിൽ സൂക്ഷിച്ചു വെച്ചിരുന്നു. ഈ തറക്കല്ലുകളിൽ പലതും ഉപയോഗിക്കുന്നതിന് വർഷങ്ങൾ

എടുത്തെങ്കിലും അന്നുമുതലേ ഉള്ള പിതാവിന്റെ പരിശ്രമങ്ങളാണ് രൂപതയിലെ പല ഭാവിപദ്ധതികളുടേയും പൂർത്തീകരണത്തിന് നിദാനമായത്.

എന്നാൽ കെട്ടിടങ്ങൾ സ്ഥാപനങ്ങൾ തുടങ്ങിയവ പണിയുന്നതിലുപരിയായി ചിതറിക്കിടക്കുന്ന വിശ്വാസികളെ വിശ്വാസകൂട്ടായ്മകൾ ആയി ഒരുമിച്ചു കൂട്ടുന്നതിനും അവർക്ക് ദിവ്യബലി അർപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കി കൊടുക്കുന്നതിനുമാണ് പിതാവ് കൂടുതൽ ഊന്നൽ കൊടുത്തത്. വെസ്റ്റേൺ റെയിൽവേയുടെയും സെൻട്രൽ റെയിൽവേയുടെയും ഹാർബർ ലൈനിന്റെയും എല്ലാ സ്റ്റേഷനുകളോടനുബന്ധിച്ചും ന്യൂ ബോംബെയിലെ വിശ്വാസി സമൂഹങ്ങൾ കേന്ദ്രീകരിച്ചും കുർബ്ബാന സെന്ററുകൾ ആരംഭിക്കുവാൻ പിതാവ് പരിശ്രമിച്ചു. രൂപതയിലെ 14 ജില്ലകളിൽ നാല് ജില്ലകൾ - സാംഗ്ലി, കോലാപ്പൂർ, രത്നഗിരി, സിന്ധുദുർഗ് - കേന്ദ്രീകരിച്ച് സാംഗ്ലി മിഷൻ എംഎസ്ടി സമൂഹത്തിനും അഹമ്മദ് നഗർ മിഷൻ, വിൻസെൻഷ്യൻ സമൂഹത്തിനും സത്താറ - സോലാപൂർ മിഷൻ എംസിബിഎസ് സമൂഹത്തിനും ധൂളേ, ജൽഗാവ് ജില്ലകൾ സിഎംഐ സമൂഹത്തിനും മിഷൻ പ്രവർത്തനത്തിനായി ഏൽപ്പിച്ചു കൊടുത്തു. മറ്റു അഞ്ചു ജില്ലകളിലെ അജപാലനം രൂപത നേരിട്ട് ഏറ്റെടുത്തു. അങ്ങിനെ രൂപത മുഴുവൻ നമ്മുടെ സാന്നിധ്യവും പ്രവർത്തനവും ഉറപ്പു വരുത്തുവാൻ പിതാവ് ആരംഭം മുതലേ പരിശ്രമിച്ചിരുന്നു.

താൻ സ്വപ്നം കണ്ട രീതിയിൽ രൂപതയുടെ അജപാലന ശുശ്രൂഷക്കുതകുന്ന സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിന് പിതാവ് അശ്രാന്ത പരിശ്രമം നടത്തി. ബോംബെയിലെ പ്രത്യേക സാഹചര്യത്തിൽ വ്യക്തമായ രേഖകൾ ഉള്ള ഭൂമി വാങ്ങിക്കുന്നതിന് വളരെ പ്രയാസമായിരുന്നു. കല്യാണിൽ വാങ്ങിക്കുവാൻ അഡ്വാൻസ് കൊടുത്ത ഭൂമിക്ക് എതിരായി ശ്രീരാമൻ കക്ഷി ചേർന്നുള്ള വ്യവഹാരം തന്നെ ഉണ്ടായി എന്ന് പറയുമ്പോൾ അതിന്റെ സങ്കീർണത മനസ്സിലാക്കാമല്ലോ. എങ്കിലും സെമിനാരിക്ക് വേണ്ടി കല്യാണിൽ പുഴയുടെ തീരത്തോട് ചേർന്ന് വാങ്ങിയ സ്ഥലം തുടരെത്തുടരെ ഉണ്ടായ പ്രളയം മൂലം പിന്നീട് ഉപേക്ഷിക്കേണ്ടി വന്നു. ബിഷപ്സ് ഹൗസിനുവേണ്ടി കല്യാണിൽ പല സ്ഥലങ്ങളും അന്വേഷിച്ചെങ്കിലും പവ്വായിയിൽ ഇന്നുള്ള സ്ഥലമാണ് ലഭ്യമായത് രൂപതയുടെ സ്ഥാപനത്തിന്റെ രണ്ടാം വാർഷികത്തിന് മുമ്പായി ബിഷപ്സ് ഹൗസ് വെഞ്ചിരിച്ച് കലീനയിൽ നിന്നും പവ്വായിയിലേക്ക് രൂപതാസ്ഥാനം മാറ്റി പ്രവർത്തനം ആരംഭിക്കുവാൻ അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിനു കഴിഞ്ഞു.

സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പിതാവിന്റെ പരിശ്രമത്താൽ ഒത്തിരി സ്ഥലങ്ങളിൽ ആരാധനാകേന്ദ്രങ്ങൾക്കും വൈദികർക്ക് താമസത്തിനുള്ള വസതികൾക്കും ആവശ്യമായ സ്ഥലങ്ങൾ വാങ്ങുന്നതിനും ആരംഭപ്രവർത്തനങ്ങൾക്ക് അടിസ്ഥാനം ഇടുന്നതിനും സാധിച്ചിട്ടുണ്ട് എന്നത് വളരെ വിസ്മയനീയം തന്നെ. ഡോംബിവ്ലി, കല്യാൺ ഈസ്റ്റ്, ഇന്ന് കത്തീഡ്രൽ ദേവാലയം നിലകൊള്ളുന്ന കല്യാൺ വെസ്റ്റ്, ഐരോളി, വാഗ്ലെ എസ്റ്റേറ്റ്, ആന്റോപ്ഹിൽ, തിലകനഗർ - പെസ്റ്റംസാഗർ, ഷെൽ കോളനി, മാഹിം, ജെറിമെറി, കലീന, സാക്കിനാക്ക, സിബിഡി, ഖൊപ്പോളി, നെരൂൾ, പൻവേൽ, രസായിനി, നഗോട്ടെണ, ജൂഹു - വെർസോവ, മറോൾ, കാന്തീവ്ലി ഈസ്റ്റ്, മലാഡ് വെസ്റ്റ്, ഭയന്തർ, ദഹിസർ, മീരാറോഡ്, വസായ് ഈസ്റ്റ്, നല്ലസൊപ്പാറ, വിരാർ, ബാന്ദ്ര ഈസ്റ്റ്, കൊളാബ, അക്കുർഡി, ഡിഗി, ലോണാവ്ല, വഡഗോൺശേരി, ദാപൊഡി, നാസിക് റോഡ് തുടങ്ങി നിരവധി സ്ഥലങ്ങൾ ഈ ഗണത്തിൽ പെടുന്നു. വിദേശത്തും സ്വദേശത്തും പിതാവ്

**ഇക്കഴിഞ്ഞ ആഗസ്റ്റ് 23 ന് പിതാവ് എന്നെ ഫോൺ വിളിച്ച് നാളത്തെ ദിവസത്തിന്റെ പ്രാധാന്യം അച്ചൻ ഓർക്കുന്നുണ്ടല്ലോ. 'അച്ചനൊക്കെയല്ലേ എന്റെ കൂടെ നിന്ന് പ്രവർത്തിച്ചത്' എന്ന് പറഞ്ഞുകൊണ്ട് 1988 ആഗസ്റ്റ് 24-ാം തീയതിയിലെ തന്റെ മെത്രാഭിഷേകത്തിന്റെയും രൂപതയുടെ ഔദ്യോഗിക ഉദ്ഘാടനത്തിന്റെയും ഓർമ്മകളിലേക്ക് പിതാവ് എന്നെ കൊണ്ടുപോകുകയുണ്ടായി.**






പദ്ധതികൾക്കുള്ള ഫണ്ട് സ്വരൂപിക്കുന്നതിനായി അലഞ്ഞു തിരിഞ്ഞിട്ടുണ്ട്. 1990 ആഗസ്റ്റിനു ശേഷം ഉപരിപഠനത്തിനായി റോമിൽ പോകുവാൻ അവസരം ലഭിച്ച എനിക്ക് പിതാവിന്റെ യൂറോപ്യൻ സന്ദർശനവേളകളിൽ ഫണ്ടിംഗ് ഏജൻസികളുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിൽ ചെറിയൊരു പങ്ക് വഹിക്കുവാൻ സാധിച്ചിട്ടുണ്ട് എന്നത് സന്തോഷത്തോടെ ഓർക്കുന്നു.

നമ്മുടെ പിതാവിന് രൂപതയെ കുറിച്ച് വലിയൊരു സ്വപ്നം ഉണ്ടായിരുന്നു. ഇന്ത്യയിലാദ്യമായി പ്രവാസികളായ സീറോമലബാർ വിശ്വാസികൾക്കായി കേരളത്തിന് പുറത്ത് സ്ഥാപിതമായ രൂപതയാണ് കല്യാൺ. അതുകൊണ്ട് തന്നെ സീറോ മലബാർ സഭയ്ക്ക് ഭാരതത്തിലെയും ലോകത്തിലെയും വിവിധ ഭാഗങ്ങളിൽ സ്ഥാപിതം ആകേണ്ട സമാനമായ സംവിധാനങ്ങളുടെ പ്രോജ്വലമായ മാതൃകയായി കല്യാണിനെ രൂപപ്പെടുത്തി എടുക്കുവാൻ പിതാവ് പരിശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. ഭവനസന്ദർശനവും കൂടെക്കൂടെയുള്ള വ്യക്തിപരമായ സമ്പർക്കങ്ങളുമാണ് പിതാവ് എണ്ണത്തിൽ കുറവായ വൈദിക സമൂഹത്തിന് നൽകിയ പ്രവർത്തന ശൈലി കല്യാൺ രൂപതയുടെ സ്ഥാപനം ഉൾക്കൊള്ളാൻ കഴിയാതിരുന്ന പലരെയും പിതാവിന്റെ ഈ നിർദ്ദേശങ്ങൾ പിൻചെന്ന് സഭാ കൂട്ടായ്മയിലേക്ക് കൊണ്ടുവരുവാൻ സാധിച്ചുവെന്നത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. ആരംഭം മുതലേ വിവിധ രൂപതകളിലെ മൈനർ സെമിനാരികളിലൂടെ വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിച്ചെടുക്കുന്നതിലും രൂപതാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ വിധത്തിലുമുള്ള സംഘടനകളും മതബോധനം, നഴ്സസ് മിനിസ്ട്രി, പ്രാർത്ഥന കൂട്ടായ്മകൾ തുടങ്ങിയ ശുശ്രൂഷകളും ആരംഭിക്കുന്നതിനും സാധ്യമായ സ്ഥലങ്ങളിലെല്ലാം ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് സ്ഥലങ്ങൾ വാങ്ങിച്ചു സ്ഥാപനങ്ങൾക്ക് ആരംഭം കുറിക്കുന്നതിനും ശ്രദ്ധ ചെലുത്തിയ ക്രാന്തദർശിയായ ഒരു അജപാലകൻ കൂടിയായിരുന്നു പിതാവ്.

വളരെ ലളിതമായ ജീവിതരീതികളും അതേസമയം വളരെ ഉയർന്ന ദൈവാശ്രയബോധവും പുലർത്തിയിരുന്ന പിതാവ് സഹപ്രവർത്തകരുടെ സുസ്ഥിതിയിൽ ദത്തശ്രദ്ധനായിരുന്നു. രോഗിയായി കിടക്കുമ്പോൾ ഒരു കപ്പ് ചുക്കു കാപ്പിയുമായി വന്നു ആശ്വസിപ്പിച്ചിരുന്ന പിതാവിന്റെ സ്നേഹവായ്പ് ഹൃദയത്തിൽ മധുരിക്കുന്ന ഓർമ്മകളുമായി നിലനിൽക്കും. കല്യാണിലെ ശുശ്രൂഷ പൂർത്തിയായിട്ടും പിതാവ് തന്റെ സഹപ്രവർത്തകരോട് കാണിക്കുന്ന വലുതായ സ്നേഹം വളരെ പ്രചോദനമേകുന്നതാണ്. ഇക്കഴിഞ്ഞ ആഗസ്റ്റ് 23 ന് പിതാവ് എന്നെ ഫോൺ വിളിച്ച് നാളത്തെ ദിവസത്തിന്റെ പ്രാധാന്യം അച്ചൻ ഓർക്കുന്നുണ്ടല്ലോ. അച്ചനൊക്കെയല്ലേ എന്റെ കൂടെ നിന്ന് പ്രവർത്തിച്ചത്. ഞാൻ അച്ചനെ കൈപിടിച്ച് കല്യാണിലേക്ക് കൊണ്ടുപോയതല്ലേ എന്ന് പറഞ്ഞു കൊണ്ട് 1988 ആഗസ്റ്റ് 24-ാം തീയതിയിലെ തന്റെ മെത്രാഭിഷേകത്തിന്റെയും രൂപതയുടെ ഔദ്യോഗിക ഉദ്ഘാടനത്തിന്റെയും ഓർമ്മകളിലേക്ക് പിതാവ് എന്നെ കൊണ്ടുപോകുകയുണ്ടായി. തന്റെ ആത്മകഥയായ "കൃപയുടെ വഴിയിൽ" എന്ന പുസ്തകത്തിൽ കല്യാൺ രൂപതയിലെ തന്റെ പ്രവർത്തന കാലഘട്ടത്തിൽ താനുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികളെയും സ്ഥാപനങ്ങളെയും പ്രവർത്തനമണ്ഡലങ്ങളെയും ഏറ്റവും സ്നേഹത്തോടെ പിതാവ് അനുസ്മരിക്കുന്നത് എത്രമാത്രം വലിയ ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു പിതാവ് എന്ന് വ്യക്തമാക്കുന്നുണ്ട്. വളർച്ചയുടെ പ്രധാനപ്പെട്ട ഘട്ടങ്ങളെല്ലാം പിന്നിട്ട കല്യാൺ രൂപതയുടെ ഇന്നത്തെ വളർച്ചയുടെ പിന്നിൽ ചിറ്റിലപ്പിള്ളി പിതാവിന്റെ ത്യാഗോജ്ജ്വലമായ ശുശ്രൂഷയും സഭാത്മകമായ കാഴ്ചപ്പാടുകളും അജപാലന നൈപുണ്യവും എല്ലാം നമുക്ക് ദർശിക്കുവാൻ കഴിയും. കല്യാണിൽ തന്നെ സംസ്കരിക്കപ്പെടണം എന്ന് അതിയായി ആഗ്രഹിച്ച നമ്മുടെ വത്സലപിതാവ് തീർച്ചയായും കല്യാൺ രൂപതയുമായി ബന്ധപ്പെട്ട് ഏവരുടെയും ഹൃദയത്തിൽ സജീവ ചേതനയായി ഉണ്ടാകുമെന്ന് നിസ്സംശയം പറയാം. പിതാവിന്റെ വിയോഗത്തിൽ നമുക്കൊരു വത്സല പിതാവിനെ നഷ്ടപ്പെട്ടു. എന്നാൽ സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് കല്യാൺ രൂപതയ്ക്ക് വേണ്ടി സ്വർഗ്ഗീയ പിതാവിന്റെ പക്കൽ മാധ്യസ്ഥ്യം വഹിക്കുന്ന ഒരു പിതാവിനെ നമുക്ക് ലഭിച്ചു എന്നതിൽ നമുക്ക് ആശ്വസിക്കാം. പിതാവിന്റെ സ്നേഹസ്മരണയ്ക്കു മുമ്പിൽ പ്രാർത്ഥനാ മഞ്ജരികൾ അർപ്പിക്കുന്നു.



# MAR PAUL CHITTILAPPILLY, AN EXEMPLARY MISSIONARY



**Fr. Mathew Moothasseril MST**
served the Diocese of Kalyan in its initial years as Parish Priest, Director of Kalyan Eparchy Youth, and Regional Director of Sangli Mission.
At present, he is working with the Sangli Mission.

Bishop Mar Paul Chittilappilly was a great pastor and a born leader, but what inspired me the most about him was his missionary zeal. My initial memories of Bishop Paul are that of him as an ardent missionary. In this article, I will share some of my fond memories of him.

Mar Paul Chittilapilly, along with three other priests, led the pastoral care of the Syro Malabar Catholics in Mumbai. I joined the team of MST priests under the leadership of Rev. Fr. George Kavukattu who supported Mar Paul Chittilappilly in the pastoral care of Syro Malabar migrants in the Diocese of Pune, in the year 1986.

My first encounter with Mar Paul Chittilapilly was when Fr. George Kavukattu, who was also his former student, invited him to Pune. It was 16th of July in the year 1987, when he also blessed and laid the foundation stone for the present Alphonsa Church, Kalewadi. I never imagined then that he would be our bishop within a year.

The announcement of the erection of the Syro Malabar Diocese of Kalyan was made with Mar Paul Chittilapilly as its first Bishop on May 14, 1988. It was when the General

Assembly of the MST was in session that I remember the Director General, Fr. Sebastian Thuruthel, called the new bishop elected to congratulate and to promise all support by way of sending priests to the new diocese. This new Syro Malabar diocese was the fruit of the arduous hard work of many including Fr. Sebastian Thuruthel. He himself was a member of the first team of chaplains for Kerala Catholics in Mumbai. The society kept the promise in letter and spirit by sending priests to the Diocese of Kalyan.

With the erection of the diocese, the MST pastoral team working in Pune came under its jurisdiction. My journey with Bishop Paul started here. He had by then turned to be a zealous missionary inspiring many young priests and religious including me, true to the name of his patron, St. Paul.

His first missionary visit as a bishop was to Nashik. What I still cherish as a fresh and fond memory of Mar Paul Chittilappilly is his journey from Nashik to Pune by state bus, Fr. Peter Kavumpuram receiving him at the bus stop and bringing him to Alphonsa Nagar, Kalewadi on the pillion seat of his very old Vespa scooter where he was welcomed by a very small group of faithful. Further, he visited other communities in Pune, celebrated Holy Qurbana and spent fruitful time with them.



On another occasion, we desired to accompany the bishop to visit the community at Ahmednagar. Bishop did not have a car then and so in a Maruti 800, borrowed from a parishioner, we hit the road. It was indeed one of the most memorable journeys with the bishop. He was always jovial, full of vigor and enthusiasm in sharing his dreams and hope for the future of the diocese. Along with our discussions and conversations, we also spent time reciting rosaries and other prayers led by the bishop himself. Meanwhile, he also ensured to practice his Hindi lessons that he learned recently by reading the billboards alongside the road.

It was during these journeys that bishop realized and shared his concern about how to reach out to all these scattered small communities in fifteen civil districts of Maharashtra. Moved and encouraged by his fervor, we extended all our support and cooperation. Soon enough, bishop contacted the society to request the help of two priests in order to study the possibilities of new missions in the south west districts of the state. The foresightedness of this great visionary gave birth to the Sangli Mission. Two priests from the Missionary Society were soon appointed in Miraj in Sangli district. Bishop immediately visited Miraj and within six months, he ensured that he visited the Syro Malabar communities at neighboring districts of Solapur, Kholapur, Sindhudurg and Ratnagiri to celebrate Holy Qurbana for them, however small the communities were.

However, on such long journeys, he not only visited such Syro Malabar communities, but ensured that he visited various religious congregations and built a good rapport with them. For instance, during this journey he visited Goa and said mass at the tomb of St. Francis Xavier with the sisters from Mater Dei, an institute of women religious, the Pillar fathers at the Pillar seminary etc. It was during our return journey that we met some farmers from Kerala who had come in search of land in Sindhudurg district for rubber plantation which indeed enlightened all of us about the possibility of migration for agriculture since the land and terrain of the Konkan region was similar to that of Kerala.

It was during his visit to Ratnagiri that I was really shocked when he celebrated Holy Qurbana in the prawns peeling sheds for girls from Kerala working there from where we proceeded to Chiplun and celebrated Holy Mass with the small communities of Syro-Malabar faithful. The last leg of this initial missionary exploration was a few months later. We visited Maswad, a remote village in Satara District. Holy Qurbana was celebrated in

the home of Mr. Augustine, who was running a small hotel. He had gathered his family and workers for mass.

At the end of each journey, bishop used to tell us about his impressions of these visits, meetings, gatherings, mass etc. He said he could see fire in the eyes of the faithful, while he was celebrating Holy Qurbana with them. It was such journeys and missionary visits that motivated him to invite missionary congregations of men and women to take up regions for missionary apostolate. Thus, today we have four mission regions in the diocese. His zeal for the missions were evident when he took very keen interest in the development of all the four mission regions and visited them multiple times. He knew all the mission stations in all the four regions, even the names of the missionaries; sisters, priests and the faithful in those small communities. He visited all these regions on several other occasions, even after his transfer as bishop of Thamarassery.

Another focus area for him was the Youth ministry. From the very beginning, bishop was convinced that the children and youth are the future of the diocese. He encouraged beginning catechism classes even when there were no suitable facilities available for the same.

I was indeed fortunate to work very closely with Bishop Paul Chittilappilly, when I took up the responsibility of being the director of the youth apostolate. The lack of administrative set ups and infrastructure posed a great challenge to all our endeavors. From our continuous discussions with the youth, we discovered that there was a serious lack of an organizational set up and a proper channel of communication to reach the youth across parishes. But he motivated us not to be disheartened and with our motto - *Organizing and Communicating*, we paddled on together.

Bishop Paul Chittilappilly always expressed his great trust in the youth. He was open to innovative and creative ideas from them. A great example would be when an approval for the new organizational set up of Kalyan Eparchy Youth was asked for, convinced of the reasons, he immediately granted us the liberty to execute as planned which was entirely innovative and different from the conventional set up of any organization: It had no bye laws, no membership fees, no positions of power, was open to all Syro Malabar youth residing in the territory of the diocese, the executive committees at different levels worked under their respective directors,



had the responsibility of planning and execution of all programs. It was he himself who instituted the prestigious Fr. Sunny Award church choir competition.

His love for the church was unparalleled. He used to affirm it by showing his ring indicating that it signified that he was wedded to the diocese. He had great confidence in his people and believed that his priests and the faithful are his only and his most valuable assets. He kept himself away from narrow parochialism and nasty regionalism so that he could keep together his flock that belonged to different regions of Kerala. Even though the priests belonged to various dioceses and religious congregations, under his leadership, everyone felt a sense of belongingness and worked with him. This unity inside the diocese enabled him to steer the diocese in the most turbulent of times. He did it by never losing the dignity of a Bishop, without hurting anyone and earned respect, even from his adversaries.

Bishop Paul Chittilappilly took responsibility of the diocese when it was a very poor prospect, but left it as the richest diocese with a very vast mission front. I feel blessed to have been closely associated with him in the initial years of the Kalyan Diocese. I always maintained a filial relationship with him and he always sent his paternal blessings, even a few days before his onward journey to heaven. May he Rest In Peace.




# Mar Paul Chittilappilly and the Inception of the Diocese of Kalyan

**Fr. Jacob Porathur**

has served as the Vicar General, Cathedral Vicar, and Parish Priest among many other posts in the Eparchy of Kalyan. He was a close associate of Mar Paul Chittilappilly during the establishing years of the Diocese. At present, he is the Rector of the St Thomas Minor Seminary, Panvel.

## The Beginning of Pastoral Care of Syro Malabar Migrants in Mumbai

The Holy Catholic Church desires that each individual church remain faithful to its venerable heritage and ecclesial identity as expressed in the documents of the Second Vatican Council (*Lumen Gentium* 13 and 23).

The migrant Keralites of Mumbai, due to their interest to preserve their faith and cultural heritage, sought the possibilities for getting priests for pastoral care. As a result, the Syro-Malabar Bishops' Conference (SMBC) sent priests to meet the spiritual needs of the migrant faithful in 1978. Archbishop Mar Antony Padiyara, the Apostolic Visitor, studied the pastoral problems and submitted the report to the Holy See stating the need to have a hierarchical structure of their own rite for the Syro-Malabar church. After due reflections, His Holiness St. Pope John Paul II, on 28th May 1987 wrote to the bishops of India informing them about the erection of an eparchy for the Syro-Malabar rite faithful in Mumbai and also requested their wholehearted cooperation for the same. During this period, the SMBC requested Mar Joseph Kundukulam to send priests of his diocese to the Syro-Malabar faithful of Mumbai-Pune and Nashik regions. On 14th May 1987, a team of four priests, headed by Rev. Msgr. Paul Chittilappilly took up the pastoral ministry of the Syro-Malabar Christians in the Mumbai- Pune- Nashik region.

The letter of St. Pope John Paul II had the necessary




Mar Paul Chittilappilly


Rev. Fr. George Edakalathur


Rev. Fr. George Vadakethala


Rev. Fr. Jacob Porathur

factors to orient Msgr. Paul Chittilapilly to the direction in which he had to lead the mission in Mumbai and its suburbs. The directives which were given to him were as follows:

(a) To provide adequate pastoral care for the Syro-Malabar migrant faithful.

(b) To organize and coordinate the mission activities in Mumbai and its suburbs, in such a way that evangelization be done effectively.

(c) To do everything possible to educate and nurture priests, religious and laity and to accept and cooperate fully in the implementation and management of the diocese.

## The Mission of Gathering the Scattered Syro-Malabar Migrants

As the bishop of the newly erected diocese, Mar Paul Chittilapilly formulated its vision as follows, ***'integral and adequate pastoral care for all the Syro-Malabar migrant faithful and an effective evangelization in the diocese of Kalyan in Maharashtra'***. This vision integrated both pastoral and missionary dimensions.

Mar Paul Chittilapilly took various measures to gather the scattered migrants living in Mumbai and in its suburbs. These were some of the measures taken:

(a) People were conscientized to preserve their faith, their ecclesial identity and their venerable heritage. For this, His Lordship arranged various informative classes for the laity by Rev. Dr. Fr. Xavier Koodapuzha, Rev. Dr. Fr. Mathew Vellanickal and Chev. N. A Ouseph.

(b) Since the faithful were scattered in different places, Bishop motivated them to be organized as worshipping Eucharistic communities. On a priority basis, priests were sent to celebrate Holy Qurbana in the parish churches of the Bombay diocese. Time was allotted after the Latin Mass to celebrate the Mass in our rite and even if the time was inconvenient, people showed their zeal in participating in the Qurbana in Malayalam. Thus, small communities were formed and priests were ready to celebrate Qurbana even for small groups of faithful consisting of 4-5 families.

(c) House visits were another platform to organize people. Priests were given permission to celebrate Holy Qurbana in houses. Thus a personal rapport was built with the faithful and they were motivated and encouraged to strengthen their spiritual lives.

(d) The migrants who lived mainly in the 5 civil districts viz: Greater Mumbai, Thane, Raigad, Pune, Nashik were organized and categorised by identifying 106 centres and were divided into 14 zones after which a zonal vicar was appointed in each zone. This helped the

Bishop to carry out his pastoral work with ease. The diocese purchased plots of lands wherever possible and the faithful were motivated to construct churches, parish halls, presbyteries, etc. He invited priests and seminarians from different dioceses and congregations to work in our diocese. Mar Paul also invited religious congregations of both men and women to start social and educational institutes.

(e) Catechism for children, youth activities, *Mathrusangam* and other associations were organized in these centres. He made it a point to encourage vocations in the upcoming generations.

(f) Every year, retreats were organized in parishes, and there were celebrations of diocesan anniversaries, diocesan conventions which enabled the faithful to have a 'we'- feeling and a bonding between each other.

**Diocese of Kalyan as a 'Diocese of Mission *ad gentes*'**

The decree of the Second Vatican Council on Missionary activities (*Ad gentes*) motivates by stating, "Go, therefore and make disciples of all nations" (Mt 28:19-20). Taking the essence of this mandate, the Eparchy of Kalyan along with her pastoral ministry, also ventured in her extensive possibilities for missionary activities.

In order to materialize this mission mandate, Bishop Mar Paul took various farsighted measures viz:

(i) He invited different religious congregations to implement these missionary responsibilities in the other 9 districts of Maharashtra. He entrusted the districts of Sangli – Kolhapur – Ratnagiri and Sindhudurg to the Missionary Society of St. Thomas (MST), Ahmednagar to Vincentian congregation (VC), Satara – Solapur to Missionary Congregation of the Blessed Sacrament (MCBS) and Jalgaon – Dhule to Carmelites of Mary Immaculate (CMI) congregation for the




development and missionary activities. Later, when Dhule was subdivided, the district of Nandurbar was added to the CMI mission.

(ii) The Bishop encouraged and promoted women congregations to support them. In these 10 districts, rigorous and fervent missionary works and social development activities are carried out, even now, by respective missionaries.

(iii) He gave administrative autonomy to these congregations to develop the missions with infrastructures for the mission. Apart from these, they were also given the permission to have institutions of and for their own congregations in their respective areas.

(iv) He had a vision that these missions would one day become dioceses. He hoped and prayed that his long cherished dream of these missions being raised to dioceses in the future be fulfilled.

When we look back and turn the pages of history, we realise that we ought to be indebted to our loving late bishop Mar. Paul Chittilappilly. His continuous prayer and steadfast perseverance stood as a beacon to lay the foundation of our diocese and to show us the way forward even today. Kalyan Diocese is privileged and honored to have witnessed the missionary zeal, prayerful leadership and spiritual nurturing of Mar. Paul. Let us carry forward his zeal and enthusiasm to accomplish the goals of the Kingdom of God in this land, our diocese.



# മോശയുടെ അത്ഭുത വടിയുമായി

**Fr. Francis Eluvathingal**

has served as the Chancellor, PRO, and Parish Priest in the Eparchy of Kalyan. At present, he is the Vicar General of the Shamshabad Diocese.

സീറോ മലബാർ പ്രവാസികളുടെ അജപാലനവും ചിറ്റിലപ്പിള്ളി പിതാവിന്റെ അജപാലന ശുശ്രൂഷയും ഇഴചേർന്ന് കിടക്കുന്നു. സീറോ മലബാർ വിശ്വാസികളുടെ പ്രവാസ ചരിത്രത്തിന് ഭാരത സ്വാതന്ത്ര്യസമരത്തോളം തന്നെ പഴക്കമുണ്ട്. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനുശേഷം നല്ല തൊഴിലും വിദ്യാഭ്യാസവുമൊക്കെതേടി ലോകമെമ്പാടും സീറോ മലബാർ സഭയുടെ മക്കൾ പ്രവാസികളാകാൻ തുടങ്ങി. അവരുടെ ജീവിതത്തിന്റെ ലക്ഷ്യം മെച്ചപ്പെട്ട ജീവിതസൗകര്യവും ഉന്നതവിദ്യാഭ്യാസവു

മൊക്കെ ആയിരുന്നെങ്കിലും ചെന്നെത്തിയ സ്ഥലങ്ങളിലെല്ലാം തങ്ങളുടെ വിശ്വാസം ജീവിക്കുവാനും അതിനായി കഷ്ടപ്പെടുവാനും അവർ മുന്നിട്ടിറങ്ങി. ചെന്ന സ്ഥലങ്ങളിൽ അവർക്ക് തങ്ങളുടെ പാരമ്പര്യങ്ങളിൽ ആത്മീയജീവിതം നയിക്കുവാൻ, വി. ബലിയിൽ പങ്കെടുക്കുവാൻ, കുമ്പസാരിക്കുവാൻ, ധ്യാനത്തിൽ പങ്കെടുക്കുവാൻ, കുടുംബത്തെ വിശുദ്ധീകരിക്കുവാൻ ഒക്കെ തങ്ങളുടെ ആദ്ധ്യാത്മിക പാരമ്പര്യങ്ങളിൽപ്പെടുന്ന വൈദികർ ഉണ്ടാകണമെന്ന് അവർ ആഗ്രഹിച്ചു. അതിന്റെ പേരിൽ സഭയിലെ പിതാക്കന്മാരോട് അഭ്യർത്ഥനനടത്താനും തുടങ്ങി. പ്രവാസികളുടെ പ്രശ്നങ്ങളെപ്പറ്റി സഭാപിതാക്കന്മാർ ചിന്തിക്കുകയും മാർപാപ്പയുടെ ഇടപെടൽ ആവശ്യപ്പെടുകയും ചെയ്തു. അതിന്റെ തുടർനടപടിയായിട്ടാണ് 1978–ൽ ഭാഗ്യസ്മരണാർഹനായ ജോൺ പോൾ 1-ാംമൻ മാർപാപ്പ തന്റെ ചുരുങ്ങിയ അജപാലന കാലഘട്ടത്തിൽ ആർച്ച് ബിഷപ് ആന്റണി പടിയറയെ സീറോ മലബാർ പ്രവാസി വിശ്വാസികളുടെ കാര്യങ്ങളെപ്പറ്റി പഠിക്കാൻ അപ്പസ്തോലിക് വിസിറ്റേറ്ററായി നിയമിച്ചത്. സെക്രട്ടറിയായി നിയമിക്കപ്പെട്ട ബഹു. കൂടപ്പുഴ അച്ചന്റെ സഹായത്തോടെ ആർച്ച് ബിഷപ് ആന്റണി പടിയറ ഇന്ത്യ മുഴുവൻ നടന്ന് കാര്യങ്ങളെപ്പറ്റി പഠിച്ച് വിലയിരുത്തി ഒരു റിപ്പോർട്ട് 1980–ൽ റോമിലേയ്ക്ക് സമർപ്പിച്ചു. അതിന്റെ വെളിച്ചത്തിൽ ഭാരത കത്തോലിക്കാ മെത്രാന്മാരുടെ പല മീറ്റിംങ്ങുകളിലും വളരെ ശക്തമായ ചർച്ചകൾ നടന്നു.

## 1. പുതിയ വഴികളുടെ തുറവി

ഈ കാലഘട്ടത്തിൽ ഏറ്റവും അധികം സീറോ മലബാർ പ്രവാസികൾ ജീവിച്ചിരുന്നത് ബോംബേ, ഡൽഹി, ബാംഗ്ളൂർ, ചെന്നൈ തുടങ്ങിയ ഭാരതത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിലായിരുന്നു. ബോംബേയിലെ അന്നത്തെ ആർച്ച് ബിഷപ് ആയിരുന്ന കർദിനാൾ സൈമൺ പിമെന്റൊ ബോംബേയിലെ ഭൂരിഭാഗം സീറോ മലബാർ വിശ്വാസികൾ അടങ്ങുന്ന കേരള കത്തോലിക്കാ അസോസിയേഷനോട് ചേർന്ന് സീറോ മലബാർ വിശ്വാസികളെ ശുശ്രൂഷിക്കാൻ വൈദികരെ അയയ്ക്കാൻ അന്നത്തെ സീറോ മലബാർ സഭയുടെ മെത്രാന്മാരുടെ കോൺഫറൻസിന് കത്ത് അയച്ചിരുന്നു. അതിന്റെ തുടർ നടപടിയെന്നോണം 1987–ൽ സീറോ മലബാർ മെത്രാന്മാർ ബോംബയിലെ ദൗത്യം തൃശൂർ രൂപതയെ ഏൽപ്പിക്കുകയും തുടർന്ന് 1987–ൽ നാല് വൈദികർ അടങ്ങുന്ന ഒരു ഡെലഗേഷനെ ബോംബേയിലേയ്ക്ക് അയ്ക്കുകയും ചെയ്തു. ബഹുമാന്യനായ പോൾ ചിറ്റിലപ്പള്ളിയച്ചൻ അന്ന് തൃശൂർ അതിരൂപതയുടെ വികാരി ജനറാൾ ആയിരുന്നു. വളരെക്കാലം അദ്ദേഹം രൂപതയുടെ ചാൻസിലറും ആയിരുന്നിട്ടുണ്ട്. അദ്ദേഹം വളരെ പ്രാഗത്ഭ്യത്തോടുകൂടിയാണ് അക്കാലഘട്ടത്തിലെ പല ദൗത്യങ്ങളും പൂർത്തിയാക്കിയത്. വിശുദ്ധനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1986–ൽ തൃശ്ശൂർ സന്ദർശിച്ചപ്പോൾ അതിന്റെ എല്ലാ പരിപാടികൾക്കും ചുക്കാൻ പിടിച്ചത് ചിറ്റിലപ്പിള്ളിയച്ചനായിരുന്നു. ആ ദൗത്യമെല്ലാം മനോഹരമായി പൂർത്തിയാക്കിയിരുന്ന അവസരത്തിലാണ് ബോംബയിലേയ്ക്ക് ആരെ പറഞ്ഞയ്ക്കും എന്ന ചോദ്യത്തിന് അല്പംപോലും ശങ്കയില്ലാതെ അന്നത്തെ തൃശ്ശൂർ രൂപതയുടെ മെത്രാനായിരുന്ന മാർ. ജോസഫ് കുണ്ടുകുളം വിശ്വാസവും, വിജ്ഞാനവും, വിവേകവും വിശുദ്ധിയും നിറഞ്ഞ പിതാവ് ചിറ്റിലപ്പള്ളി അച്ചനെ ആ സംഘത്തിന്റെ അമരക്കാരനായി അയക്കുന്നത്.

## 2. പിതൃവാത്സല്യമുള്ള ഗുരുനാഥൻ:

ബഹു. പോൾ ചിറ്റിലപ്പള്ളി അച്ചനുമായി എനിക്ക് വ്യക്തിപരമായ അടുപ്പം ഉണ്ടാകുന്നത് 1985–ൽ തൃശ്ശൂർ രൂപതയുടെ മൈനർ സെമിനാരിയിൽ തൃശ്ശൂർ രൂപതയ്ക്കുവേണ്ടി വൈദിക വിദ്യാർത്ഥിയായി പഠിക്കാൻ വന്നതുമുതലാണ്. അദ്ദേഹത്തെ മുമ്പ് പല വേദികളിലുംവച്ച് കണ്ടിട്ടുണ്ടെങ്കിലും സെമിനാരിയിൽ പഠിപ്പി



ക്കാൻ വരുന്ന ഒരു നല്ല അദ്ധ്യാപകനെന്നനിലയിൽ കുറച്ചു നാളത്തേയ്ക്കെങ്കിലും അദ്ദേഹത്തെ അടുത്ത് പരിചയപ്പെടാൻ ഇടയായിട്ടുണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നേരറിവ് വൈദിക വിദ്യാർത്ഥികൾക്ക് പകർന്നുനല്കാൻ കൃത്യമായി ക്ലാസെടുക്കാൻ വന്നിരുന്ന വികാരി ജനറാൾ സഭാ വിജ്ഞാനീയത്തിന്റെയും കാനോൻ നിയമത്തിന്റെയും ആശാൻ

ആയിരുന്നെന്ന് സംശയലേശമന്യേ മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. അതികായകനായ പ്രസരിപ്പുള്ള പിതൃതുല്യനായ ഒരു അദ്ധ്യാപകൻ എന്നതിലുപരി സഭാസ്നേഹിയുടെ, ആത്മാർത്ഥയുള്ള ഒരു പച്ചമനുഷ്യന്റെ ഹൃദയത്തുടിപ്പുകൾ അകലെ നിന്നെങ്കിലും അക്കാലത്ത് കുറച്ചൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## 3. തൃശ്ശൂരിൽ നിന്ന് ബോംബെയിലേക്ക് :

വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1986-ന്റെ ആരംഭത്തിൽ ഭാരതം സന്ദർശിച്ചപ്പോൾ അദ്ദേഹം തന്റെ മനസ്സിൽ കുറിച്ചിട്ട ഒരു കാര്യമായിരുന്നിരിക്കണം സീറോ മലബാർ സഭയുടെ വിശ്വാസ പൈതൃകത്തെപ്പറ്റിയും ആ വിശ്വാസികൾ ലോകമെമ്പാടും ചിതറിക്കപ്പെട്ടിരിക്കുന്നു എന്ന സത്യത്തെയും. അതുകൊണ്ടുതന്നെ എത്രയും പെട്ടെന്ന് നീതിപൂർവ്വകമായ ഒരു തീരുമാനം ഈ കാര്യത്തിൽ ഉണ്ടാവുക എന്നത് മാർപ്പാപ്പയുടെ ഒരു ആഗ്രഹവും കൂടിയായിരുന്നു എന്നുവേണം അനുമാനിക്കാൻ. അതുകൊണ്ടായിരിക്കാം 1987 മെയ് മാസത്തിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഇതുസംബന്ധിച്ച് യുക്തമായ ഒരു കത്ത് ഭാരതത്തിലെ എല്ലാ മെത്രാന്മാർക്കുമായി അയച്ചത്. ഈ കാലഘട്ടത്തിലാണ് വിശ്വാസികളുടെ ആത്മീയ ഉന്നമനത്തിനു വേണ്ടി അവരുടെ ഇടയിൽ പ്രവർത്തിക്കാൻ കഴിവും നേതൃത്വപാടവുമുള്ള പോൾ ചിറ്റിലപ്പള്ളിയച്ചൻ ബോംബയിലേയ്ക്ക് പറിച്ച്നടപ്പെട്ടത്.

ബോംബേ അതിരൂപതയുടെ കീഴിൽ അന്ന് ബോംബേ നഗരത്തിലുണ്ടായിരുന്ന വിവിധ പ്രദേശങ്ങളിലെ മലയാളി കത്തോലിക്കർ ഒന്നിച്ചുകൂടി കേരള കാത്തലിക് അസോസിയേഷൻ എന്ന സംഘടനയ്ക്ക് രൂപം നല്കുകയുണ്ടായി. സത്യത്തിൽ ചിറ്റിലപ്പിള്ളിയച്ചന്റെ ബോംബയിലെ നിയമനം സീറോ മലബാർ വിശ്വാസികളുടെ ചാപ്ലെയിൻ എന്ന നിലയിലായിരുന്നു. പിന്നീട് കെ സി എ യുടെ ആത്മീയ പിതാവായും നിയമിതനായി.

## 4. പരിമിതികളുടെ വ്യഥ

അദ്ദേഹം ബോംബയിൽ വന്നകാലം മുതൽക്കേ താമസിച്ചിരുന്നത് കലീനയിലെ രണ്ട് മുറികൾ മാത്രമുള്ള ഒരു കൊച്ചുകെട്ടിടത്തിലാണ്. സീറോ മലബാർ സഭയിലെ മെത്രാന്മാരും കെ.സി.എ സംഘടനയും ഒത്തുചേർന്ന് വാങ്ങിച്ച ആ കെട്ടിടത്തിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. എന്തിനേറെ പറയുന്നു 1988 ഏപ്രിൽ 30-ന് രൂപത സ്ഥാപിക്കുകയും, അത് പരസ്യപ്പെടുത്താൻ മെയ് 19-ാം തിയതി ആവശ്യപ്പെടുകയും ചെയ്തപ്പോൾ അതിനു പറ്റിയ ഒരു സ്ഥലംപോലും ലഭിക്കാതെ കഷ്ടപ്പെടേണ്ടിവന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, രൂപതയുടെ ജനനം മുതൽ വളരെ ഞെരുക്കങ്ങളിലൂടെയും ഒരുപാട് മാനസിക വ്യഥകളിലൂടെയും



കടന്നുപോകേണ്ടി വന്ന ഒരു ഇടയനാണ് ചിറ്റിലപ്പള്ളി പിതാവ്.

## 5. ദർശനങ്ങളുടെ മനുഷ്യൻ

ചിറ്റിലപ്പള്ളി പിതാവ് ദർശനങ്ങൾ ഉള്ള ആളാണ്. അദ്ദേഹത്തിന് രൂപതയെപ്പറ്റി ഒരുപാട് സ്വപ്നങ്ങളുണ്ടായിരുന്നു. സഭയുടെ ചരിത്രത്തെപ്പറ്റിയും അതിന്റെ അനന്ത സാധ്യതകളെപ്പറ്റിയും അത് ഭാവിയിൽ എവിടംവരെ വളർന്ന് പന്തലിക്കണമെന്നുമൊക്കെയുള്ള വ്യക്തമായ കാഴ്ചപ്പാടുകളും നിലപാടുകളുമുള്ള വ്യക്തിയായിരുന്നു പിതാവ്. സീറോ മലബാർ സഭയുടെ നഷ്ടപ്പെട്ടുപോയ ഓൾ ഇന്ത്യ ജൂറിസ്ഡിക്ഷൻ പദവി വീണ്ടെടുക്കണമെന്നും ഈ സഭയുടെ പാത്രിയാർക്കൽ പദവി അതിന്റെ യഥാർത്ഥ അർത്ഥത്തിൽ ലഭിക്കണമെന്നൊക്കെ പ്രാർത്ഥനാപൂർവ്വം പഠിച്ച്, പ്രബന്ധം അവതരിപ്പിച്ച് ഡോക്ടറേറ്റ് നേടിയപ്പോൾ വളരെ വ്യക്തമായ ദിശാബോധം അദ്ദേഹത്തിനുണ്ടായിരുന്നു എന്നതിൽ സംശയമില്ല. കേരളത്തിൽ മാത്രം ഒതുങ്ങിനിന്നിരുന്ന സീറോ മലബാർ സഭ ലോകമെമ്പാടും പടർന്ന് പന്തലിക്കാൻ ആവശ്യമായ സംവിധാനങ്ങൾ വേണമെന്ന് ചിന്തിച്ചവരുടെ കൂട്ടത്തിൽ ഏറ്റവും ശക്തമായിത്തന്നെ, ഒരുപക്ഷേ അതിന്റെ പേരിൽത്തന്നെ സഹനങ്ങൾ സ്വീ കരിക്കേണ്ട സാഹചര്യങ്ങൾ വന്നപ്പോൾ വേദനയോ അസ്വസ്ഥതയോ കൂടാതെ അതിനെ നേരിട്ട് ആധുനിക കാലത്തിലെ സീറോ മലബാർ സഭയുടെ മോശയായിട്ട് അദ്ദേഹത്തെ നമ്മുക്ക് കാണുവാൻ സാധിക്കും.

## 6. തീക്ഷ്ണമതിയായ പിതാവ്

വി. പൗലോസ് ശ്ലീഹായുടെ നാമദേയം സ്വീകരിച്ചിരിക്കുന്നതുകൊണ്ടു തന്നെ പൗലോസ് ശ്ലീഹായുടെ പ്രേക്ഷിത തീക്ഷ്ണത ഒട്ടും കുറയാതെ ചിറ്റിലപ്പള്ളി പിതാവിലും ഉണ്ടെന്ന് പല

പ്പോഴും എനിക്ക് തോന്നിയിട്ടുണ്ട്. സുവിശേഷം പ്രസംഗിക്കുന്നവന്റെ പാദങ്ങൾ എത്ര മനോഹരം എന്നും സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ തനിക്ക് ദുരിതം എന്നുള്ള പൗലോസ് ശ്ലീഹായുടെ വാക്കുകൾ ജീവിതത്തിൽ പകർത്താൻ ശ്രമിച്ച ഈ ഗുരുശ്രേഷ്ഠൻ അജപാലന ശുശ്രൂഷയോടൊപ്പംതന്നെ സുവിശേഷവത്കരണവും തന്റെ ശുശ്രൂഷാമേഖലയുടെ ഭാഗമാക്കി. തന്നെ ഏല്പ്പിച്ചിരിക്കുന്ന മഹാരാഷ്ട്ര സംസ്ഥാനത്തിലെ പതിനഞ്ചോളം വരുന്ന ജില്ലകളിലായി വ്യാപിച്ചുകിടക്കുന്നതും കേരളത്തിന്റെ മൂന്നിരട്ടിയോളം വിസ്തൃതിയുള്ളതുമായ തന്റെ രൂപതയുടെ വളർച്ചയ്ക്ക് അദ്ദേഹം നടത്തിയത് കഠിനാദ്ധ്വാനം തന്നെയായിരുന്നു. 10 ജില്ലകൾ പ്രേഷിത പ്രവർത്തിനു വേണ്ടി നാലു സന്യാസ സമൂഹങ്ങൾക്കായി വീതിച്ചു നൽകി വേരു പാകി അതിന് വെള്ളവും വളവും നൽകി അതിനെ പരിപോഷിപ്പിക്കാൻ ഓടി നടന്നു. സഭ വലിയൊരു മുത്തശ്ശി ആയതുകൊണ്ട് വ്യത്യസ്തങ്ങളായ എല്ലാ റീത്തുകളും സഭയുടെ മുഖ്യധാരയിൽനിന്നും പിരിഞ്ഞുപോയ അകത്തോലിക്കാ സഭയുമായിട്ടുള്ള വളരെ അടുപ്പത്തോടുകൂടിയ സംവാദങ്ങളും മറ്റ് മതസ്ഥരുമായി ഏറ്റവും ആഴത്തിലുള്ള ബന്ധവും സ്നേഹവും ഉണ്ടാകുവാൻവേണ്ടി എക്യുമെനിക്കൽ ഇന്റർ റിലീജിയസ് ഡയലോഗുകൾ നടത്ത ണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തു.

## 7. സഭയോടൊത്ത് സഭയ്ക്കുവേണ്ടി

സീറോ മലബാർ സഭയോടൊത്ത് ചിന്തിക്കുക, സഭയ്ക്കുവേണ്ടി ജീവിക്കുക എന്നീ മനോഹരമായിട്ടുള്ള ചിന്തകൾ അതിന്റെ പൂർണ്ണ അർത്ഥത്തിൽ ജീവിക്കുന്ന വ്യക്തിയാണ് അദ്ദേഹം. കേരളത്തിന്റെ പലഭാഗത്തുനിന്നുള്ള വിശ്വാസ സമൂഹങ്ങൾ സീറോ മലബാർ സഭയുടെ പ്രത്യേകമായിട്ടുള്ള സാഹചര്യങ്ങളിൽ, വ്യത്യസ്തങ്ങളായിട്ടുള്ള രൂപതകളിൽ, വിവിധ രീതികളിൽ വി. കുർബാനയർപ്പണം നടത്തിയിരുന്ന കാലഘട്ടം ആയിരുന്നു അത്. പ്രാദേശിക ചിന്തകൾ അന്ന് സഭയിൽ ശക്തമായിരുന്നു. സഭയെ ഒന്നായി കാണണമെന്നും വ്യത്യസ്ത ചിന്താഗതിക്കാരായ വിശ്വാസികളെ ഒന്നിച്ച് ചേർത്ത് മനോഹരമായ ഒരു മാലയിലെ കണ്ണികളെപ്പോലെ എല്ലാവർക്കും തുല്യ പ്രാധാന്യം നല്കി സഭയെ വളർത്തണമെന്ന് ആഗ്രഹിച്ച ഒരു ഇടയ ശ്രേഷ്ഠനായിരുന്നു പിതാവ്. സീറോ മലബാർ സഭ പ്രദേശിക ചിന്തകൾക്കപ്പുറത്ത് വളരണമെന്ന് അദ്ദേഹം നിർബന്ധം പിടിച്ചു. ചിലപ്പോഴൊക്കെ സ്വന്തക്കാരിൽ നിന്നും പ്രിയപ്പെട്ടവരിൽ നിന്നും പോലും തെറ്റിധാരണകൾക്കും ഇഷ്ടക്കുറവുകൾക്കും അദ്ദേഹം കാരണക്കാരനായിട്ടുണ്ട് എന്നാണ് ചരിത്രം നമ്മേ ഓർമ്മപ്പെടുത്തുന്നത്. എങ്കിലും സഭയുടെ ദർശനമാണ് തന്റെ ദർശനമെന്നും, സഭയോടൊത്ത് ചിന്തിക്കലും സഭയ്ക്കുവേണ്ടി നിലകൊള്ളലുമാണ് തന്റെ ദൗത്യമെന്നും ബോദ്ധ്യപ്പെട്ട്, അതിൽ നിന്ന് അണുവിടപോലും വ്യതിചലിക്കാത്ത ശക്തമായ തീരുമാനങ്ങളെടുക്കാൻ അദ്ദേഹത്തിന് കാരണമായതെന്ന് തോന്നിപ്പോകുന്നു. സഭയോടൊത്ത് ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും വേണ്ടി സ്വന്തം താല്പര്യങ്ങളും ഇഷ്ടങ്ങളും വേണ്ടെന്നുവച്ച് എല്ലാവരെയും ഉൾക്കൊള്ളുവാനും മറ്റുള്ളവരുടെ ആശയങ്ങളിലെ നന്മയെ സ്വാംശീകരിക്കാനും സ്വീകരിക്കാനുമൊക്കെയുള്ള തുറവിയും അതിനെപ്പറ്റിയുള്ള വ്യക്തമായ ബോധ്യവും അതിനു വേണ്ടി സ്വാർത്ഥതയില്ലാതെ പ്രവർത്തിക്കുന്നതിനുള്ള ധൈര്യവുമുള്ളവർക്കാണ് അത് കൈമുതലാവുക. ചിറ്റിലപ്പിള്ളി പിതാവിന് അത് സാധിച്ചിരുന്നു എന്നുള്ളത് ഇന്നും എല്ലാവരും സന്തോഷത്തോടെ ഓർമ്മിക്കുന്ന ഒരു യാഥാർത്ഥ്യമാണ്.

## 8. വികാരങ്ങളുടെ പച്ചയായ മനുഷ്യൻ

ചിറ്റിലപ്പിള്ളി പിതാവ് എന്ന പച്ചമനുഷ്യനെ ശരിക്കും തിരിച്ചറിയാൻ കഴിഞ്ഞിട്ടുള്ള ഒത്തിരി അനുഭവങ്ങൾ എന്റെ മുമ്പിലുണ്ട്.



ചിലപ്പോൾ തോന്നിയിട്ടുണ്ട് അദ്ദേഹം വികാരങ്ങളുടെ വിസ്ഫോടനമുള്ള മനുഷ്യനാണെന്ന്. വളരെ ആഴത്തിൽ മറ്റുള്ളവരെ സ്നേഹിക്കാൻ പ്രത്യേകിച്ചും ദീർഘദൂര യാത്രകൾ കഴിഞ്ഞുവരുന്ന മിഷനറിമാർക്ക് സ്നേഹത്തിന്റെ സ്വാന്തനമാകുവാൻ, തണലാകുവാൻ അദ്ദേഹം കാണിച്ചിട്ടുള്ള ശ്രമങ്ങളെ ഏറ്റവും സ്നേഹത്തോടെ നോക്കിക്കാണുകയാണ്. പലപ്പോഴും അങ്ങനെ വരുന്നവരുടെ മുമ്പിൽ ത്യാഗോജ്ജ്വലമായരീതിയിൽ അവർക്കുവേണ്ടി ആവശ്യമുള്ളതൊക്കെ ചെയ്തുകൊടുക്കുവാൻ സ്വന്തം മുറിപോലും ഒഴിവാക്കിക്കൊടു

ക്കുന്ന പിതാവിന്റെ പിതൃസഹജവാത്സല്യം അദ്ദേഹത്തിന്റെ ഇടപെടലുകളിൽ വ്യക്തമായിരുന്നു. ചിലപ്പോഴെങ്കിലുമൊക്കെ ചിലരെ തിരുത്താനും നേർവഴിക്ക് കൊണ്ടു വരാനും അല്പം കാർക്കശ്യത്തോടെ ഇടപെടുന്നതും ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ ആ ഭാവം സൂര്യാസ്തമയംവരെ നീണ്ടുനില്ക്കാറില്ല, അതിനുശേഷം അവരെ സ്നേഹത്തോടെ ചേർത്തുപിടിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. മിഷനറിമാരായ വൈദികരുടെയും, സഹോദരി സഹോദരന്മാരുടെയും അത്മായപ്രേഷിതരുടെയും നിസ്തുലപ്രവർത്തനങ്ങളെപ്പറ്റി പറയുമ്പോൾ പിതാവിന്റെ സ്വരമിടറുന്നതും കണ്ണീർ പൊഴിക്കുന്നതും കാണാനിടയായിട്ടുണ്ട്. നല്ലതു ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കാനും അവർക്ക് നന്മകൾ നേരാനും അദ്ദേഹം മറന്നിട്ടില്ല. വൈദികരുമായി ഉല്ലാസം പങ്കിടുന്ന സമയങ്ങളിൽ ഒന്നിച്ചിരുന്ന് കുറച്ചുസമയം തമാശകൾ പറയുന്നതിലും, ടെലിവിഷൻ കാണുന്നതിലും, ചെറിയകളികളിളൊക്കെ ആസ്വദിക്കുന്നതിലും പിതാവിന് ഒരു മടിയും കാണിക്കാതെ കൂടുതൽ താല്പര്യത്തോടെ അവയിലെല്ലാം പങ്കുചേർന്നിരുന്നു. വൈദികരെയും വൈദിക വിദ്യാർത്ഥികളെയും കുറിച്ച് സ്വപ്നം പിതാവ് കണ്ടിരുന്നു. സ്വപ്നം കാണാൻ അവരെ പരിശീലിപ്പിച്ചിരുന്നു.

## 9. ദൈവപരിപാലനയിൽ ആശ്രയം

ദൈവപരിപാലനയിൽ ആശ്രയിച്ച് മുന്നോട്ട് നീങ്ങിയ ഒരിടയനാണ് അദ്ദേഹം. ബോംബെയിൽ എവിടെയായലും കുറച്ച് സ്ഥലം വാങ്ങണമെങ്കിൽ കോടികൾ മുടക്കണമായിരുന്നു. ഈ രൂപത മറ്റ് രൂപതയിൽ നിന്ന് പിരിഞ്ഞു പോന്നതല്ലാത്തതു കൊണ്ട് സാമ്പത്തിക്കമായ അങ്ങേയറ്റം ബുദ്ധിമുട്ടും ഉണ്ടായിരുന്നു. എങ്ങനെയാണ് ഇവയെല്ലാം നടക്കുക നടത്തുക എന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം ദൈവപരിപാലനയിൽ ആശ്രയിക്കുക എന്നത് മാത്രമായിരുന്നു. വൈദികരും അത്മായരുമൊക്കെ ഓരോ പ്രദേശത്തും പള്ളിയുണ്ടാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അതിനു മുടക്കേണ്ടതായുള്ള ഭീമമായുള്ള തുകയെപ്പറ്റിയുമുള്ള സങ്കടങ്ങൾ പിതാവിന്റെ അടുത്തു വന്ന് പറയുമ്പോൾ എല്ലാ ആശയങ്ങളും സമ്മതിച്ചതിനു ശേഷം അത് സമാപിപ്പിച്ചിരുന്നത് നമ്മുക്ക് ദൈവത്തിൽ ആശ്രയിക്കാം, ദൈവമാണ് ഈ രൂപത സ്ഥാപിക്കാൻ കാരണക്കാരൻ എങ്കിൽ ആ ദൈവം തന്നെ ഇതിനുള്ള എല്ലാ സംവിധാനങ്ങളും വഴികളും ഒരുക്കും എന്നുള്ള ദൈവപരിപാലനയിലുള്ള ആശ്രയബോധത്തെ ഏറ്റു പറഞ്ഞുകൊണ്ടാണ്. അത് ഇന്നും രൂപതയിൽ ദൈവജനം മുഴുവൻ ഓർത്തിരിക്കുന്ന സത്യമാണ്.

## 10. ലാളിത്യമാർന്ന ജീവിത ശൈലി

അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്നും അനുകരിക്കാൻ തോന്നിയ മാതൃകകളിൽ ചിലതാണ് ലാളിത്യം, എളിമ, ചെറുതാകാൻ മടിയില്ലാത്ത മനോഭാവം എന്നിവ. കൊച്ചുമുറിയിൽ താമസിക്കുന്നത് ബോംബെയിൽ അത്ര വലിയ കാര്യമല്ല. എന്നാൽ തൃശൂർ അതിരൂപതയുടെ ഏറ്റവും വലിയ സംവിധാനങ്ങളിൽ നിന്ന് ബോംബെയുടെ സാഹചര്യങ്ങളിലേക്ക് പറിച്ച്



നടപ്പെട്ടപ്പോൾ ജീവിത്തിൽ ലാളിത്യം പാലിക്കാൻ ഒരു പ്രയാസവും അദ്ദേഹം നേരിട്ടതായി തോന്നിയിട്ടില്ല. ഒരു പക്ഷെ ലാളിത്യം അദ്ദേഹത്തിന്റെ ജീവിത ശൈലിയായിരുന്നതു കൊണ്ട് തന്നെ ഈ അസൗകര്യങ്ങളെ സന്തോഷപൂർവ്വം സ്വീകരിച്ചിരിക്കാനാണ് സാധ്യത എന്നു തോന്നിപ്പോവുകയാണ്. സ്വന്തമായ വാഹനമില്ല. പലപ്പോഴും പബ്ലിക് ട്രാൻസ്പോർട്ടിനെ ആശ്രയിച്ചു കൊണ്ടാണ് യാത്രകൾ നടത്തിക്കൊണ്ടിരുന്നത്. വിശുദ്ധ ബലിയർപ്പണത്തിനു ആവശ്യത്തിനു സ്ഥലമില്ലാതിരുന്ന കാലഘട്ടത്തിൽ അതു ഉണ്ടാക്കിയെടുക്കാനുള്ള പരിശ്രമത്തിനിടയിൽ പലപ്പോഴും ചെറുതാകലിന്റെ അനുഭവവും അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. എന്നാൽ ആ ചെറുതാകൽ സഭയുടെ വളർച്ചക്ക് അനിവാര്യമാണെന്ന് മനസ്സിലാക്കിയ അദ്ദേഹം അങ്ങനെയുള്ള ശൂന്യവത്കരിക്കാൻ ലഭിക്കുന്ന സാഹചര്യങ്ങളിൽ ഒന്നും തളർന്നു പോകരുതെന്നും അതാണ് അനുദിന ജീവിതത്തിലെ കുരിശ് എന്ന് തിരിച്ചറിയണമെന്നും വൈദികരെയും വൈദിക വിദ്യാർത്ഥികളെയും എപ്പോഴും ഓർമ്മിപ്പിച്ചിരുന്നു.

## 11. ദൈവഹിതം മാത്രം അന്വേഷിക്കുക

തൃശ്ശൂരിൽ നിന്ന് കല്യാണിലേക്കും പിന്നീട് കല്യാണിൽ നിന്നും താമരശ്ശേരിയിലേക്കും പറിച്ച് നടപ്പെട്ടപ്പോൾ എല്ലാം ദൈവഹിതമാ

ണെന്ന് പറയുക മാത്രമല്ല അത് വിശ്വസിക്കുകയും ചെയ്തിരുന്നു. താമരശ്ശേരിയിലേക്കുള്ള മാറ്റത്തിന്റെ അറിയിപ്പ് പലരിലും അസ്വസ്ഥത ഉളവാക്കി. അത് പരസ്യപ്പെടുത്തിയ പാസ്റ്ററൽ കൗൺസിലിൽ അംഗങ്ങളുടെ സങ്കടങ്ങൾ പ്രകടിക്കപ്പെട്ടപ്പോൾ ദൈവഹിതത്തോട് മറുതലിക്കാൻ പാടില്ല എന്നും പരിശുദ്ധ അമ്മയെപ്പോലെ ഇതാ കർത്താവിന്റെ ദാസൻ എന്ന മനോഭാവമാണ് തന്റേതെന്നും അദ്ദേഹം പരസ്യമായി പറഞ്ഞു. കൃപയുടെ ഒഴുക്കും രക്ഷയുടെ അനുഭവവും ദൈവഹിതം നിറവേറ്റുമ്പോളാണ് ലഭിക്കുക എന്ന് എല്ലാവരെയും വ്യക്തിപരമായി ഓർമ്മപ്പെടുത്താനും അദ്ദേഹം മറന്നില്ല.

## 12. ചർച്ചകളിലൂടെ പരിഹാരം

തൃശ്ശൂർ രൂപത്തയുടെ ഭരണനിർവ്വഹണത്തിൽ ആഴമേറിയ പരിജ്ഞാനം പിതാവിനുണ്ടായിരുന്നു. തന്റെ മുന്നിൽ വരുന്ന ചോദ്യങ്ങൾക്ക് ലളിതമായി പരിഹാരം കാണാനും അദ്ദേഹത്തിനു അറിയാമായിരുന്നു. അറിവോടൊപ്പം അനുഭവങ്ങളുടെ സമ്പന്നതയുമുണ്ടായിരുന്ന പിതാവ് പക്ഷേ തീരിമാനം എടുക്കുമ്പോൾ അതിൽ എല്ലാവരെയും പങ്കാളികൾ ആക്കിയിരുന്നു. തീരുമാനം എടുക്കാൻ കൂടുന്ന ചർച്ചായോഗങ്ങൾ പലപ്പോഴും ജ്ഞാനവർദ്ധകമായ അനുഭവങ്ങൾ ആയിരുന്നു. മാസത്തിൽ ഒരിക്കൽ എല്ലാ വൈദികരും ഒന്നിച്ചു വരണമെന്നും ചർച്ചകളിൽ സജീവമായി പങ്കെടുക്കണമെന്നും പിതാവ് നിർബന്ധിച്ചിരുന്നു. രൂപതയുടെ ആദ്യകാലമായിരുന്നതു കൊണ്ട് എല്ലാ തിങ്കളാഴ്ചകളിലും വൈദികർ സാധിക്കുന്നവർ ഒന്നിച്ചു കൂടണമെന്ന് താത്പര്യപ്പെട്ടിരുന്നു. മുടങ്ങാതെ നടത്തിയിരുന്നു പാസ്റ്ററൽ കൗൺസിൽ, പ്രസ്ബിറ്ററൽ കൗൺസിൽ, കൺസൾട്ടേഴ്സ് ബോഡി, ഫൈനാൻസ് കൗൺസിൽ, ക്യൂരിയ മീറ്റിംഗ് ഇവയെല്ലാം തുറവിയോടെ ചർച്ചകളെ അവസരമാക്കി മാറ്റാനും, അറിവും അനുഭവവും പങ്കുവെയ്ക്കാനും, ദിശാബോധം പകർന്നും നൽകാനും ഒക്കെ ഇടയാക്കി എന്നു നിസ്തർക്കം പറയാം.

## സമാപനം

ചിറ്റിലപ്പിള്ളി പിതാവിന്റെ പഠനഗ്രന്ഥം സീറോമലബാർ സഭയുടെ പാത്രിയാർക്കൽ പദവി വരെ എത്തി നിൽക്കുന്ന ദർശനങ്ങളുടെ സമാഹാരമാണ്. പിതാവിന്റെ സ്വപ്നങ്ങളുടെ 95 ശതമാനവും ന റിവേറിക്കഴിഞ്ഞിട്ടുണ്ട്. ഭാരതം മുഴുവൻ പ്രവർത്തിക്കാനുള്ള നഷ്ടപ്പെട്ട സ്വാതന്ത്ര്യം തിരികെ ലഭിക്കണമെന്ന് ആഗ്രഹിച്ച് അതിനുവേണ്ടി പലപ്പോഴും എഴുത്തുകുത്തുകളും ഇടപെടലുകളും നടത്തിയിട്ടുള്ള പിതാവിനു അഭിമാനമാണ് അദ്ദേഹത്തിന്റെ ജീവിത സായാഹ്നത്തിൽ ഇതെല്ലാം സഭയിൽ നടക്കുന്നു എന്നുള്ളത്. അദ്ദേഹം സ്വപ്നം കണ്ട സീറോ മലബാർ സഭയുടെ പാത്രിയാർക്കൽ പദവി പടിവാതിൽക്കൽവരെ എത്തി നിൽക്കുന്നു എന്ന് കരുതാവുന്നതാണ്. ദർശനം ഉള്ളവരോടൊപ്പം അത് നടപ്പിലാക്കുവാൻ, ദൈവം കൂടെയുണ്ടാകുമെന്നുള്ള ചിന്തകളെ ചേർത്തു പിടിക്കുമ്പോൾ സീറോ മലബാർ സഭയുടെ ആഗോള വ്യാപനത്തിന്റെ ശൈശവ ദശയിൽ ഏറ്റവും ശക്തമായി മുന്നിൽ നിന്ന് അരയും തലയും മുറുക്കി തേർ തെളിക്കാൻ ധൈര്യത്തോടെ മുന്നിട്ടിറങ്ങി വഴി തെളിച്ചവരുടെ കൂട്ടത്തിൽ ആദ്യ സ്ഥാനീയനായി ചിറ്റിലപ്പിള്ളി പിതാവ് ഉണ്ടെന്നുള്ളത് സന്തോഷത്തോടെയും അതിലേറെ അഭിമാനത്തോടെയും ഓർക്കുന്നു. ദൗത്യ നിർവ്വഹണത്തിനായി മുന്നോട്ടു പോകാൻ സഹായിച്ച മോശയ്ക്ക് കർത്താവ് കൊടുത്ത വടി, അത്ഭുതങ്ങളുടെ വടിയാണ്. അത്ഭുതങ്ങൾ ചെയ്ത് കടന്നു പോയ മോശയ്ക്ക് കല്ലും മുള്ളും നിറഞ്ഞ, സംഘർഷങ്ങളും കഷ്ടപ്പാടുകളും വീർപ്പുമുട്ടിച്ച ഒരു ജീവിതം ഉണ്ടായിരുന്നു എന്ന് ഓർക്കുമ്പോൾ, ചിറ്റിലപ്പിള്ളി പിതാവ് എന്ന ഇടയശ്രേഷ്ഠനും ഇതിൽ നിന്ന് ഒട്ടും വ്യത്യസ്തന



ല്ല എന്ന് അടിവരയിട്ടു പറയേണ്ട സത്യമാണ്. മോശയുടെ അത്ഭുത വടിയുടെ തുടർച്ചയാണ് ഇടയന്റെ വടിയെന്ന് തിരിച്ചറിഞ്ഞ പിതാവ്, തന്റെ ജീവിത്തിലും ദൈവസാന്നിദ്ധ്യത്തെ തിരിച്ചറിഞ്ഞും ദൈവത്തോട് സംവദിച്ചും ആണ് അദ്ദേഹം അജഗണത്തെ നയിച്ചത് എന്ന് നിസ്സംശയം പറയാം.

ഒരു പ്രവാസി ജനതയുടെ സ്വപ്നസാക്ഷാത്കാരത്തിന് നാന്ദികുറിച്ച് ആർജ്ജവത്തോടെ ഇടയധർമ്മം നിർവ്വഹിച്ച് സഭയെപ്പറ്റിയുള്ള ശുഭ സ്വപ്നങ്ങളാൽ നിറഞ്ഞിരിക്കുന്ന പ്രിയ പിതാവേ അങ്ങയുടെ സഭാസ്വപ്നങ്ങൾ എത്രയും വേഗം അതിന്റെ പൂർണ്ണതിൽ പൂവണിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# പിതാവിന്റെ സീമന്തപുത്രൻ

**Msgr. Emmanuel Kadankavil**
has served as the Director of Catechism and Animation & Renewal Centre, and Parish Priest in the Eparchy of Kalyan. He is the first priest to be ordained by Mar Paul Chittilappilly for the Diocese of Kalyan. At present, he is the Vicar General of the Diocese.



കല്ല്യാൺ രൂപതയുടെ മാന്ത്രികമനുഷ്യൻ! പ്രജകൾക്കൊത്ത രാജാവ്! ആത്മീയത നിറഞ്ഞ അജപാലകൻ! അതായിരുന്നു അഗ്രഗണ്യനും ആദരണീയനുമായ അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവ്.

1990 ജനുവരി മാസത്തിലാണ് ഞാൻ ആദ്യമായി അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിനെക്കുറിച്ച് കേൾക്കുന്നത്. അന്ന് ഞാൻ കൊൽകൊത്തയിലാണ്. ഡോൺബോസ്കോ സഭയിൽ ചേർന്ന് പഠിച്ച് റീജൻസി വരെ എത്തി നിൽക്കുന്ന സമയം. എനിക്കു സീറോ മലബാർ സഭയിലെ ഏതെങ്കിലും രൂപതയിൽ ചേർന്ന് അവിടെ സേവനം ചെയ്യണമെന്ന് ആഗ്രഹമുദിച്ചു. അന്നത്തെ



**ചിറ്റിലപ്പിള്ളി പിതാവിൽ നിന്നു കല്ല്യാൺ രൂപതയ്ക്ക് വേണ്ടി പൗരോഹിത്യപട്ടം സ്വീകരിച്ച ആദ്യ വ്യക്തി എന്ന നിലയിൽ പിതാവിന്റെ ആത്മീയ സീമന്തപുത്രനായി തന്റെ ഹൃദയത്തിൽ സ്ഥാനം പിടിക്കുകയും ചെയ്തു. പിതാവ് താമരശ്ശേരി രൂപതയ്ക്ക് മാറി പോയതിന് ശേഷവും ഇടയ്ക്കിടയ്ക്ക് എന്നെ കാണുമ്പോൾ ഞാൻ പിതാവിന്റെ 'കടിഞ്ഞൂൽ പുത്രൻ' ആണെന്ന് എന്നെ സ്നേഹത്തോടെ ഓർമ്മിപ്പിക്കുമായിരുന്നു.**

അധികാരികളുടെ അനുവാദത്തോടെ 1990 ഏപ്രിൽ 11നു അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന് ഒരു എഴുത്തെഴുതി. എനിക്ക് കല്ല്യാൺ രൂപതയിൽ ചേരണം. 1990 മെയ് 7നു എനിക്ക് പിതാവിന്റെ മറുപടി ലഭിച്ചു. ബ്രദറിന് കല്ല്യാൺ രൂപതയിലേക്ക് സ്വാഗതം! എന്റെ ഹൃദയം ദൈവത്തോടുള്ള നന്ദിയും സന്തോഷവും കൊണ്ട് നിറഞ്ഞു. അജപാലന ദൗത്യത്തിൽ ആത്മീയ ആനന്ദം കണ്ടെത്താമെന്ന ബോദ്ധ്യത്തോടെ മെയ് 24നു കൊൽക്കൊത്തയിൽ നിന്ന് പുറപ്പെട്ടു. പിന്നീട് ചിറ്റിലപ്പിള്ളി പിതാവിൽ നിന്നു കല്ല്യാൺ രൂപതയ്ക്ക് വേണ്ടി പൗരോഹിത്യപട്ടം സ്വീകരിച്ച ആദ്യ വ്യക്തി എന്ന നിലയിൽ പിതാവിന്റെ ആത്മീയ സീമന്തപുത്രനായി തന്റെ ഹൃദയത്തിൽ സ്ഥാനം പിടിക്കുകയും ചെയ്തു. പിതാവ് താമരശ്ശേരി രൂപതയ്ക്ക് മാറി പോയതിന് ശേഷവും ഇടയ്ക്കിടയ്ക്ക് എന്നെ കാണുമ്പോൾ ഞാൻ പിതാവിന്റെ 'കടിഞ്ഞൂൽ പുത്രൻ' ആണെന്ന് എന്നെ സ്നേഹത്തോടെ ഓർമ്മിപ്പിക്കുമായിരുന്നു.

അഭിവന്ദ്യ പിതാവിന്റെ വിശാലഹൃദയവും ദീർഘ വീക്ഷണവും, അജപാലന തീക്ഷ്ണതയും, ദൈവീകമായ ബോദ്ധ്യങ്ങളും ഒക്കെ തന്റെ വാക്കിലും, ചിന്തയിലും പെരുമാറ്റത്തിലും, പ്രവൃത്തിയിലും, തിളങ്ങി നിന്നിരുന്നു. തന്റെ മെത്രാഭിഷേകത്തിന്റെ കോട്ട് ഓഫ് ആംസിൽ പറയുന്നതുപോലെ അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവ് എപ്പോഴും ജനത്തെ സ്നേഹിക്കുവാനും, ഒന്നിപ്പിക്കുവാനും, തന്റെ ത്യാഗപൂർണ്ണമായ സ്നേഹം ജീവിതത്തിൽ പ്രതിഫലിപ്പിക്കുവാനും ശ്രദ്ധിച്ചിരുന്നു.

കല്ല്യാൺ രൂപതയെ, അകമഴിഞ്ഞു സ്നേഹിച്ച് വളർത്തി പന്തലിപ്പിച്ച് തന്റെ മക്കൾക്ക് അതിന്റെ ആത്മീയ ഫലങ്ങൾ ഭക്ഷിക്കുവാൻ തക്കവിധമാക്കിയതിന് ശേഷമാണ് അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവ് ഇവിടെ നിന്നും താമരശ്ശേരി രൂപതയിലേക്ക് 1997 ൽ പുറപ്പെട്ടത്. ഇന്നും രൂപതാമക്കൾ ആ പിതാവിന്റെ കഠിനാദ്ധ്വാനത്തിന്റെ ഫലം കൊയ്തു കൊണ്ടേയിരിക്കുന്നു.

അഭിവന്ദ്യ പിതാവിനെ ഒത്തിരി നന്ദിയോടെയും, സ്നേഹത്തോടെയും ഓർക്കുന്നു. ആ പുണ്യാത്മാവ് സ്വർഗ്ഗത്തിലിരുന്ന് നമ്മളെ ഓരോരുത്തരേയും നോക്കി സ്വർഗ്ഗീയമായ പുഞ്ചിരിയോടെ അനുഗ്രഹിക്കുന്നുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. ആ പുണ്യാത്മാവിന്റെ മുമ്പിൽ ശിരസ്സ് നമിക്കുന്നു. ആദരാഞ്ജലികൾ!

എന്ന് സ്വന്തം,

പിതാവിന്റെ സീമന്തപുത്രൻ



# ഓർമ്മകളിലെ ചിറ്റിലപ്പിള്ളിപിതാവ്

**Jinto Jose Adavanal**
has served long as a Personal Assistant to
Mar Paul Chittilappilly in Thamarassery Diocese

കഴിഞ്ഞ 10 വർഷക്കാലം പിതാവിന്റെ നിഴലായി കൂടെ നടക്കുവാനുള്ള ഭാഗ്യം കിട്ടിയെന്നത് വലിയ ദൈവകൃപയാണ്. വിശുദ്ധനായ ഒരു ശ്രേഷ്ഠ പുരോഹിതന്റെ കൂടെയായിരുന്നു കഴിഞ്ഞ പത്ത് വർഷക്കാലം എന്ന് ഞാൻ എവിടെയും അഭിമാനത്തോടെ പറയും. കാരണം പിതാവിനെ മനസ്സിലാക്കിയവർക്കറിയാം അദേഹത്തിന്റെ ജീവിതചര്യയും പെരുമാറ്റവും. എല്ലാവരും കാണുന്ന പിതാവ് വളരെ കാർക്കശ്യക്കാരനും പ്രാർത്ഥനകളിൽ വിട്ടുവീഴ്ചയില്ലാത്ത ആളുമാണ്. സത്യത്തിനും മൂല്ല്യത്തിനും യാതൊരുവിധ വിട്ടുവീഴ്ചയ്ക്കും തയ്യാറാകാത്ത ഒരാളായി മാത്രമേ പിതാവിനെ കാണാൻ സാധിക്കുകയുള്ളു. ഏത് വലിയ വ്യക്തിയാണെങ്കിലും സത്യത്തിന് നിരക്കാത്തത് എന്തെങ്കിലും ചെയ്യുന്നത് കണ്ടാൽ അത് ചൂണ്ടിക്കാണിക്കുന്നതിൽ പിതാവിന് മടിയുണ്ടായിരുന്നില്ല. അത് അവരോടുള്ള ഇഷ്ടക്കേടുകൊണ്ടോ വെറുപ്പുകൊണ്ടോ അല്ല, മറിച്ച് സ്നേഹം കൊണ്ടാണെന്ന് പിന്നീട് അവർക്ക് മനസ്സിലാകുമായിരുന്നു. ആരോടെങ്കിലും ദേഷ്യപ്പെടുകയോ മറ്റോ ചെയ്താൽ തൊട്ടടുത്ത നിമിഷം തന്നെ അവരെ അങ്ങേയറ്റം സ്നേഹിക്കുന്ന പിതാവിനെയാണ് കാണാൻ കഴിയുക.

**പ്രാർത്ഥനയിൽ ആശ്വാസം**

വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ച നാളുമുതൽ കൂടെ ആയിരുന്നുകൊണ്ട് പിതാവിനെ ശുശ്രൂഷിക്കാൻ ലഭിച്ച ഭാഗ്യം എത്രയോ വലുതാണെന്ന് ഞാനോർക്കുന്നു. പിതാവ് കൂടുതൽ പ്രാർത്ഥനയുടെ ലോകത്തേക്ക് അപ്പോൾ മാറിയിരുന്നു. സഭയിൽ ഏതെങ്കിലും വിധത്തിലുള്ള പ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ പിതാവ് അല്പം അസ്വസ്ഥനാകുമായിരുന്നു. കൂടാതെ ദിവ്യബലിമധ്യേ അത് പറയുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. ഈ അസ്വസ്ഥത മാറുന്നതിന് വളരെയേറെ സമയം ചാപ്പലിൽ തന്റെ നാഥന്റെ സന്നിധിയിൽ പ്രാർത്ഥിക്കുമായിരുന്നു. പിതാവ് പലപ്പോഴും പറയുമായിരുന്നു ഒരു ദിവസം പോലും വി. കുർബ്ബാന മുടക്കിയിരുന്നില്ല എന്ന്. പിതാവിന് അക്കാലത്ത് തൃശ്ശൂർ രൂപതയിലും മറ്റും ഇടക്കിടക്കുള്ള പരിപാടികളിൽ പങ്കെടുക്കുവാൻ പോകുമായിരുന്നു. പല പരിപാടികളും കഴിഞ്ഞ് എത്ര വൈകിയാണ് തിരിച്ചെത്തുന്നതെങ്കിലും പിതാവ് പ്രാർത്ഥനയ്ക്കായി ചാപ്പലിൽ കയറി, ആ പ്രാർത്ഥനകളെല്ലാം കഴിയാതെ റൂമിലേക്ക് പോയിരുന്നില്ല. അതുപോലെ തന്നെ 5 നേരവും ചെല്ലുന്ന പ്രാർത്ഥനയിൽ വെള്ളം ചേർക്കാൻ പിതാവ് അവസാന ദിവസം വരെ ശ്രമിച്ചിട്ടില്ലായെന്നത് ഏവർക്കും വലിയ മാതൃക തന്നെയാണ്.

യാത്രയ്ക്കായി വാഹനത്തിൽ കയറുമ്പോൾ തന്നെ വാഹനത്തിൽ സൂക്ഷിച്ചിട്ടുള്ള കൊന്ത കൈയ്യിലെടുക്കുകയും, സാധിക്കുന്നത്ര ജപമാലകൾ ചൊല്ലുകയും ചെയ്യുമായിരുന്നു. എത്രമാത്രം കൊന്തകൾ

ചൊല്ലിയിട്ടുണ്ടാകുമെന്നതിന് ആ കൊന്തക്കുരുക്കളുടെ തേയ്മാനത്തിന് പറയുവാൻ കഴിയുമോ എന്ന് സംശയമാണ്. പിതാവിന് എന്തെങ്കിലും വ്യക്തിപരമായ വിഷമങ്ങൾ വരുമ്പോഴും ആരോടും പരാതി പറയാതെ ചാപ്പലിൽ ആശ്വാസം കണ്ടെത്തുന്നത് കാണുന്നത് നാമും ദൈവവുമായുണ്ടായിരിക്കേണ്ട ബന്ധത്തിനെ സൂചിപ്പിക്കുന്നതായിരുന്നു. വൈകുന്നേരം പിതാവ് കൊന്തചൊല്ലി ബിഷപ്പ്സ് ഹൗസ് കോമ്പൗണ്ടിൽ കൂടി നടക്കുമായിരുന്നു. ആ സമയം പിതാവിന്റെ കൂടെ കൈപിടിച്ചും അല്ലാതെയും നടക്കുമ്പോൾ പിതാവിനും വളരെയധികം ആത്മധൈര്യം ആയിരുന്നു. അവസാനസമയം വരെയും പിതാവ് ഈ നടപ്പിനും കൊന്തചൊല്ലലിനും യാതൊരു കുറവും വരുത്തിയില്ല.

**കല്ല്യാൺ ഓർമകൾ**

പിതാവിന്റെ സംസാരത്തിലും പ്രസംഗത്തിലും കല്ല്യാൺ രൂപതയെക്കുറിച്ച് എപ്പോഴും പറയുമായിരുന്നു. വളരെ അഭിമാനത്തോടെയായിരുന്നു ആ അനുഭവങ്ങൾ പറഞ്ഞിരുന്നത്. കൂടാതെ കല്ല്യാണിൽ നിന്നും സ്ഥിരമായി പല കുടുംബങ്ങളും പിതാവിനെ വിളിക്കുമായിരുന്നു. ബഹുമാനപ്പെട്ട വൈദികരോടും സംസാരിക്കുന്നത് കേൾക്കാമായിരുന്നു. പിതാവ് ഒരിക്കൽ നിർബന്ധിച്ച് കല്ല്യാൺ രൂപതയിലെ മുഴുവൻ മിഷൻ പ്രദേശങ്ങളും എന്നെ കാണിക്കുന്നതിന് കൊണ്ടുപോയിരുന്നത് ഞാൻ നന്ദിയോടെ ഓർക്കുന്നു.

പിതാവിന്റെ സൗഹൃദവലയത്തിലുള്ള എല്ലാവരുമായും ഇടക്കിടയ്ക്ക് പിതാവ് ഫോൺവഴിയും ഈമെയിൽ വഴിയായും കത്തുകളിലൂടെയും ആശയവിനിമയം നടത്തുമായിരുന്നു. ഓരോ ദിവസവും വരുന്ന കത്തുകൾക്ക് ഉടനെതന്നെ മറുപടിയെഴുതുന്നത് പിതാവിന്റെ രീതിയായിരുന്നു. കത്തുകൾ വരുന്ന എല്ലാവർക്കും കത്തുകളിലൂടെ തന്നെ മറുപടിയെഴുതുമായിരുന്നു, കഴിഞ്ഞ ഒരു വർഷമായി പിതാവ് ഇതിൽ നിന്ന് അല്പം വിട്ടുനിന്നിരുന്നു. അതിന് കാരണമായി പിതാവ് പറയുന്നത് മനസ്സിന്റെ വേഗതയിലേക്ക് കൈകൾ വരുന്നില്ല എന്നാണ്. കൈകൾ ഒത്തിരിയേറെ വിറയ്ക്കുമ്പോഴും പിതാവ് കമ്പ്യൂട്ടറിൽ തന്നെ ടൈപ്പ് ചെയ്ത് കത്തുകളും മെയിലുകളുമയക്കുമായിരുന്നു. എന്നാൽ വാട്സാപ്പ് വളരെ പ്രചാരത്തിലായപ്പോൾ, കത്തുകളും മെയിലുകളുമെല്ലാം കുറഞ്ഞുവന്നപ്പോൾ, പിതാവും പതിയേ വാട്സാപ്പ് മെസേജിലേക്കും വോയ്സ്, വീഡിയോ കോളുകളിലേക്കും മാറി.

**പിതാവിന്റെ കരുതൽ**

കഴിഞ്ഞ പത്ത് വർഷത്തിൽ ഒരിക്കൽപോലും ഡ്രൈവിംഗിനെക്കുറിച്ച് പരാതികളോ പരിഭവങ്ങളോ എന്നോടൊ മറ്റുള്ളവരോടോ പറഞ്ഞിട്ടില്ലായെന്നുള്ളത് സന്തോഷം നൽകുന്നു. സമയകൃത്യത പിതാവിന് നിർബന്ധമുണ്ടായിരുന്നതിനാൽ പല

**അവസാന ദിവസം പിതാവ് അത്താഴം കഴിഞ്ഞ് ഉറങ്ങാൻ പോകുമ്പോൾ കൂടെ ഭക്ഷണം കഴിച്ച ബ്രദർ അലൻ തെങ്ങുംപള്ളിയോട് "കർത്താവിൽ നിദ്ര പ്രാപിക്കാൻ പോകട്ടെ"യെന്ന് പറഞ്ഞായിരുന്നു പോയത്; ഒപ്പം "വിടവാങ്ങുന്നേൻ നശ്വരമുലകിൽ..." എന്ന പാട്ടും പാടിക്കൊണ്ട്.**



അവസരങ്ങളിലും അസാമാന്യ വേഗതയിൽ ഓടിച്ചിരുന്നുവെന്നത് ഞാനോർക്കുന്നു. എന്നാൽ അതൊന്നും പിതാവിനെ തെല്ലും അലോസരപ്പെടുത്തിയിരുന്നില്ല. പിതാവിന് ഡ്രൈവിംഗ് ഒരു ഹരമായിരുന്നുവെന്നത് അടുത്തനാളുകളിലാണ് ഞാൻ അറിയുന്നത്. എവിടെപ്പോയാലും നമ്മോടുള്ള കരുതൽ പറഞ്ഞറിയിക്കാൻ സാധിക്കുന്നതല്ല. എവിടെയായിരുന്നാലും ഭക്ഷണം കഴിക്കുന്നതിനു മുമ്പ് പിതാവ് എന്നോട് നേരിട്ടോ, അല്ലെങ്കിൽ പരിപാടിയുടെ സംഘാടകരോടൊ 'ജിന്റോ ഭക്ഷണം കഴിച്ചോ' എന്ന് അന്വേഷിക്കുന്ന പിതാവിന്റെ പതിവ് ചോദ്യം, അവസാനത്തെ പരിപാടിയുടെ അന്നും പിതാവ് മറന്നിരുന്നില്ല. പോകുന്ന വഴികളിൽ പിതാവിന് പരിചയമുള്ളതോ അല്ലെങ്കിൽ ആരെങ്കിലും പറഞ്ഞറിഞ്ഞതോ ആയ രോഗികൾ

ആരെങ്കിലുമുണ്ടെങ്കിൽ അവരെ സന്ദർശിച്ച് പ്രാർത്ഥിച്ച്, കുശലം പറഞ്ഞ് സൗഹൃദം പുതുക്കിയിട്ടേ അടുത്ത സ്ഥലത്തേക്ക് പോകുമായിരുന്നുള്ളു.

പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകുന്ന സമയത്തും പിതാവിന് എന്റെ കാര്യങ്ങളിലായിരുന്നു ശ്രദ്ധ. സ്വന്തമായി വീടുവെക്കുന്നതിനുള്ള സ്ഥലവും വീടുവെക്കുവാനുള്ള സൗകര്യങ്ങളുമെല്ലാം പിതാവ് തന്നതാണെന്ന് നന്ദിയോടെ ഓർക്കുന്നു. എന്താവശ്യങ്ങളുണ്ടെങ്കിലും എന്നോട് പറയണമെന്ന് പിതാവ് ഇടക്കിടെ ഓർപ്പിക്കുമായിരുന്നു. കോവിഡിന്റെ സമയത്ത് എനിക്ക് വീട്ടിൽ പോകാനായി പിതാവ് പലപ്പോഴും അവസരം തന്നിരുന്നു. "ഞാൻ എവിടെയും പോകുന്നില്ലല്ലോ അതിനാൽ നീ വീട്ടിൽ പിള്ളേരുടെ കൂടെ കുറച്ചുസമയം ചിലവഴിക്ക്" എന്ന് പറഞ്ഞ് എന്നെ വീട്ടിൽ വിടുമായിരുന്നു. വീട്ടിലുള്ളവരെ എപ്പോഴും പിതാവ് അന്വേഷിക്കുമായിരുന്നു.

**പിതാവിന്റെ സംസാരത്തിലും പ്രസംഗത്തിലും കല്ല്യാൺ രൂപതയെക്കുറിച്ച് എപ്പോഴും പറയുമായിരുന്നു. വളരെ അഭിമാനത്തോടെയായിരുന്നു ആ അനുഭവങ്ങൾ പറഞ്ഞിരുന്നത്.**



## കുടുംബവും കുട്ടികളും

കുടുംബങ്ങളോടുള്ള പിതാവിന്റെ കരുതൽ ആദ്യകാലം മുതലേ ഉണ്ടായിരുന്നു എന്ന് പിതാവിനെ അറിയുന്നവർക്ക് അറിയാവുന്നതാണ്. ദിവ്യബലിയുടെ അവസാനം, താമരശ്ശേരി രൂപതയിൽ ആചരിക്കുന്ന കുടുംബവർഷ പ്രാർത്ഥന ചൊല്ലിക്കൊടുക്കുമ്പോൾ, ഒത്തിരിയേറെ വിറയാർന്ന കൈകളിൽ ആ പ്രാർത്ഥന കാർഡ് എടുത്ത് പ്രാർത്ഥിക്കുമ്പോൾ നമുക്ക് മനസ്സിലാകും പിതാവ് കുടുംബങ്ങളെ എങ്ങിനെ കാണുന്നു അല്ലെങ്കിൽ കുടുംബങ്ങൾക്കുവേണ്ടി പിതാവ് എങ്ങനെ പ്രാർത്ഥിക്കുന്നു എന്നൊക്കെ. പിതാവിന്റെയടുത്ത് കുട്ടികൾ എത്തുമ്പോൾ പിതാവിന്റെ മുഖത്ത് കാണുന്ന പുഞ്ചിരിയും സന്തോഷവും നമുക്കും ആശ്ചര്യമാകും. കുട്ടികളോട് സംസാരിക്കുവാനും അവരുടെ കലാഭിരുചിയുമൊക്കെ ചോദിച്ച് പിതാവ് മനസ്സിലാക്കുകയും അവർക്ക് എന്തെങ്കിലും മധുര പലഹാരങ്ങളോ പിതാവിന്റെ 'മുറുക്കാൻ പെട്ടിയിലെ' മുറുക്കാനോ കൊടുക്കാതെ പിതാവ് വിടുമായിരുന്നില്ല. പിതാവിനോടൊപ്പമുണ്ടായിരുന്ന ബ്രദേഴ്സും പിതാവിനെ കാണാൻ വരുന്നവരും എല്ലാം 'മുറുക്കാൻ പെട്ടിയിലേക്ക്' നോക്കാതെ അവിടെ നിന്നും പോകുമായിരുന്നില്ല. പിതാവിന്റെയടുത്ത് എന്തു കാര്യം പറയുന്നതിനായും ആരു വന്നാലും അവരുടെ സങ്കടങ്ങളോ വിഷമങ്ങളോ മുഴുവൻ പറഞ്ഞുതീരുന്നത് വരെ ക്ഷമയോടെ കേട്ടിരുന്ന് ഉചിതമായ മറുപടിനല്കി ആശ്വസിപ്പിച്ചിട്ടേ പിതാവ് അവരെ തിരിച്ചയക്കുമായിരുന്നുള്ളു.

## നർമ്മവും സൗഹൃദവും

വളരെ കർക്കശ്യ സ്വഭാവമുള്ള ആളാണ് പിതാവ് എന്ന് എല്ലാവരും പറയുന്ന കാര്യമാണ്, എന്നാൽ പിതാവിന്റെ നർമ്മരസം അതിലേറെയാണ്. വളരെയേറെ അസ്വദിക്കാൻ പറ്റുന്ന ഒരുപാട് നർമ്മ രസങ്ങളുടെ അനുഭവങ്ങൾ പിതാവിന്റെ ജീവിതത്തിലുള്ളത് പല അവസരങ്ങളിലും പിതാവ് അവസരത്തിനൊത്ത് പറയാറുണ്ട്. പിതാവിനെ വിളിച്ച് ആരെങ്കിലും സുഖമാണോ എന്ന് ചോദിച്ചാൽ പിതാവു പറയുന്ന മറുപടി, "ഞാൻ ഇവിടെയിരുന്ന് സുഖിക്കുവാ... ഇവരൊക്കെയുള്ളതുകൊണ്ട് ഞാനിങ്ങനെ സുഖിച്ചിരിക്കുവാണ്, ഒന്നും ചെയ്യേണ്ട, ഇവരാണ് എല്ലാം ചെയ്യുന്നത്" എന്നാണ്. പിതാവിന്റെ അവസാന ദിവസങ്ങളിൽ ഓൺലൈനിൽ നടന്ന മെത്രാൻ സിനഡിൽ പങ്കെടുക്കുകയും എല്ലാ പിതാക്കന്മാരുമായും സൗഹൃദം പങ്കിടുകയും ചെയ്തിരുന്നു. കൂടാതെ പിതാവിന്റെ കൂടെ പഠിച്ചവരും സുഹൃത്തുക്കളുമായ, ഇന്ത്യയിലും വിദേശത്തുമുള്ള എല്ലാവരെയും വിളിക്കുകയും സംസാരിക്കുകയും ചെയ്തിരുന്നു. കൂടാതെ രൂപതയിലെ വൈദികരുമായും ഓൺലൈനിൽ കാണുകയും സംസാരിക്കുകയും ചെയ്തിരുന്നു. ഇത് പിതാവിന് വളരെ സന്തോഷം നൽകിയ ഒന്നായി

രുന്നു. അഭിവന്ദ്യ ആലഞ്ചേരി പിതാവ് കൊറോണ വ്യാപനത്തിനെതിരായി ആഹ്വാനം ചെയ്തതനുസരിച്ച് നടന്ന ഉപവാസത്തോടെയുള്ള പ്രാർത്ഥനാദിനത്തിൽ മുഴുവൻ ദിവസവും പിതാവ് ചാപ്പലിൽ തന്നെയിരുന്ന് പ്രാർത്ഥനയിൽ കഴിഞ്ഞതിനു ശേഷം വളരെ വൈകിയാണ് ഭക്ഷണം കഴിച്ചത്. അവസാനമായി പിതാവ് പങ്കെടുത്ത സിനഡ് പിതാക്കന്മാരുടെ ധ്യാനത്തിൽ തികച്ചും പരിപൂർണ്ണമായ പ്രാർത്ഥനയിലായിരുന്നു പിതാവ്.

**അവസാന ദിവസം**

എട്ടുനോമ്പാചാരണം വളരെ താത്പര്യത്തിൽ നടത്തിക്കൊണ്ടിരിക്കവെയാണ് പിതാവ് മാതാവിന്റെ സന്നിധിയിലേക്ക് യാത്രയായത്. മരണം സമീപിക്കുന്ന സമയം പിതാവിന് കൃത്യമായി അറിയാമായിരുന്നു. അതിനുള്ള ഏറ്റവും അടുത്ത ഒരുക്കത്തിലുമായിരുന്നു. ഇനി എനിക്ക് കർത്താവിന്റെ സന്നിധിയിലേക്ക് പോകാം, ഞാൻ ഒരുങ്ങിയിരിക്കുകയാണ് എന്ന് പിതാവ് അവസാന നാളുകളിൽ ഇടക്കിടെ പറയുമായിരുന്നു. അവസാന ദിവസം പിതാവ് അത്താഴം കഴിഞ്ഞ് ഉറങ്ങാൻ പോകുമ്പോൾ കൂടെ ഭക്ഷണം കഴിച്ച ബ്രദർ അലൻ തെങ്ങുംപള്ളിയോട് "കർത്താവിൽ നിദ്ര പ്രാപിക്കാൻ പോകട്ടെ"യെന്ന് പറഞ്ഞായിരുന്നു പോയത്; ഒപ്പം "*വിടവാങ്ങുന്നേൻ നശ്വരമുലകിൽ...*" എന്ന പാട്ടും പാടിക്കൊണ്ട്. ഉറങ്ങാൻ പോകുവാണെന്ന് പറഞ്ഞാൽ പോരെയെന്ന് ബ്രദർ അല്പം കടുപ്പിച്ച് എടുത്ത് ചോദിച്ചപ്പോൾ "ഇല്ല കർത്താവിൽ നിദ്ര പ്രാപിക്കാൻ പോവുകയാണ്" എന്നാണ് പിതാവ് പറഞ്ഞത്. അതേ പിതാവിന്റെ സ്വർഗ്ഗയാത്രയുടെ സമയം ദൈവം പിതാവിനു വെളിപ്പെടുത്തികൊടുത്തിരുന്നുവെന്ന് വേണം കരുതാൻ.

പിറ്റേന്ന് രാവിലെ ഉണർന്ന് വി. കുർബ്ബായ്ക്കായി പോകാൻ തുടങ്ങുമ്പോൾ നെഞ്ചിന് വേദന തോന്നിയതിനാൽ പരിശോധനകൾക്കായി നിർമ്മലാ ഹോസ്പിറ്റലിൽ പോയപ്പോൾ, പിതാവ് വി. കുർബ്ബാന സ്വീകരിക്കുവാൻ ആഗ്രഹം പ്രകടിപ്പിക്കുകയും വികാരി ജനറാൾ ജോൺ ഒറവുങ്കര അച്ചൻ വി. കുർബ്ബാന നൽകുകയും ചെയ്തു. കോഴിക്കോട് ചെന്ന് ചെക്കപ്പ് ചെയ്തപ്പോൾ വലിയ രീതിയിലുള്ള ബ്ലോക്ക് ആയിരുന്നു ഉണ്ടായത് എന്നാണ് കണ്ടത്. എന്നാൽ പെട്ടെന്നുതന്നെ പിതാവ് തന്റെ ആരോഗ്യത്തിലേക്ക് വരികയും സാധാരണപോലെ ആവുകയും ചെയ്തു. പിന്നീട് വൈകുന്നേരം പെട്ടെന്ന് സ്ഥിതി കൂടുതൽ വഷളാകുകയാണുണ്ടായത്. കുമ്പസാരിക്കണമെന്ന് പറഞ്ഞപ്പോൾ റെമീജിയോസ് പിതാവ് കുമ്പസാരിപ്പിക്കുകയും രോഗീലേപനം കൊടുക്കുകയും ചെയ്തു. പിതാവിനെ കാണാൻ ഐ.സി.യു.വിൽ കയറിയപ്പോൾ പിതാവ് കൈയ്യിൽപിടിക്കുകയും പിതാവിന്റെ കൈയ്യിലുണ്ടായിരുന്ന പേഴ്സും മോതിരവും എന്നെ ഏല്പിക്കുകയും ചെയ്തു...

**കൃപയുടെ മഴത്തുള്ളികൾ**

ഞാൻ പുറത്തിറങ്ങി നിൽക്കുമ്പോൾ പുറത്ത് അത്രയും നാൾ പെയ്യാത്ത തരത്തിലുള്ള മഴ ആരംഭിച്ചിരുന്നു. പിതാവിന്റെ ആത്മാവ് തന്റെ ദേഹം വിട്ടുപോകുന്ന ആ അവസരം പിതാവിന്



കൃത്യമായി അറിയാമായിരുന്നു. കാരണം പിതാവിന്റെ തൃശൂരുള്ള തറവാട്ടിലെ ഒരു വെഞ്ചരിപ്പ് നിശ്ചയിച്ചിരുന്നത് 8-ാം തിയ്യതി ആയിരുന്നു. പലപ്രാവശ്യം മാറ്റിവെച്ചതിനാൽ അന്ന് വൈകുന്നേരം നടത്തിക്കൊള്ളാൻ പിതാവ് അവരെ അറിയിച്ചു. അതോടൊപ്പം പിതാവ് പറഞ്ഞു "അന്ന് ഞാനുണ്ടാവില്ല ട്ടോ, നിങ്ങൾ നടത്തിയാൽ മതി"യെന്ന്. പിതാവ് പ്രാർത്ഥനാപൂർവ്വം കാത്തിരുന്ന ആ സ്വർഗ്ഗീയ മഹത്വത്തിലേക്ക് പ്രവേശിക്കാൻ പിതാവ് എന്നേ ഒരുങ്ങിയിരിക്കുകയായിരുന്നു. "ഞാൻ നല്ലവണ്ണം യുദ്ധം ചെയ്തു, എന്റെ ഓട്ടം പൂർത്തിയാക്കി..." എന്നത് പിതാവിന്റെ ജീവിതത്തിലും അന്വർത്ഥമായി. ഓർക്കാൻ ഒരുപാട് ബാക്കിയാക്കി... ഓമനിക്കാൻ ഒരുപാട് അവസരങ്ങൾ നല്കി... സ്നേഹിക്കാൻ ഒത്തിരി അവസരങ്ങൾ ഒരുക്കിത്തന്നു... വിശുദ്ധനായ വൈദിക ശ്രേഷ്ഠാ... ചാപ്പലിലെ അങ്ങില്ലാത്ത ആ കസേരയും പ്രാർഥനാപുസ്തകങ്ങളും കാണുമ്പോൾ എന്റെ മാത്രമല്ല, അങ്ങേ അറിഞ്ഞ എല്ലാവരുടെയും കണ്ണുകളിൽ ഒരിറ്റു കണ്ണീർ പൊടിയുന്നത് കാണാം.

സ്വർഗ്ഗത്തിൽ ഇരുന്ന് ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കാൻ ഒരാളുണ്ടല്ലോ എന്നത് മാത്രമാണ് ഇനി എന്റെ ആശ്വാസം.

# MY MEMORY OF MAR PAUL CHITTILAPPILLY




**Sr. Rosily Pidiyath**
formerly served as the Mother Superior at SNDS Convent, Sion. She is currently the Regional Superior at St. Joseph's Region, Kenya.

*If we live, we are for the Lord, and if we die, we are for the Lord, so then whether we die or live we are the Lords. (Romans 14:8)*

Mar Paul Chittilapilly was a great friend of our Founding Fathers Mar Joseph Kundukulam and Msgr Joseph Vilangadan. He knew our Charism and loved it well. He was a very good teacher. During our Novitiate formation, he taught us liturgy, church history and the different rites in the Catholic Church.

Whenever he saw his old students, he used to ask us questions about the subjects he taught. Thus I knew Bp. Chittilappilly before I came to Kalyan Diocese. He was very prayerful and gentle. He used to come to our perpetual adoration chapel for his prayer days. His devotion to Mother Mary was remarkable. During his prayer days, I used to see him walking and reciting the Rosary after lunch without resting. I think that was



the secret of the success of his life.

In the year 1989, March 25th, we came to Kalyan Diocese to serve in the Dharavi slums, soon after the erection of the Diocese. This was the sign of his love and concern for the poor and the needy. I hope the Gospel passage of Mt.25:40 "Whatsoever you do to the least of my brethren, you did it to me." inspired him a lot to serve the needy. In Dharavi, we were running nursery classes, tailoring classes, adult education, house visiting, dispensary and making hosts for the Diocese. Bishop used to find time to visit us and celebrate Mass for us

**In the year 1992, there was a severe communal riot in Dharavi. Most parts of Dharavi were burned. Seeing the news Bishop sent Rev. Fr. Jacob Porathur and Fr. Vincent Parayil to rescue us. He was very concerned about us.**



and give inspiring homilies. He worked hard to preserve the unity and love in the Diocese. Every 2nd Saturday, he arranged for monthly recollection for the Sisters working in the diocese at San Tom Centre Kalina in the limited place available. Unity, love and sacrifice were his main concerns. Through all the hardships in Dharavi, I was still fond of the days I served there.

In the year 1992, there was a severe communal riot in Dharavi. Most parts of Dharavi were burned. Seeing the news Bishop sent Rev. Fr. Jacob Porathur and Fr. Vincent Parayil to rescue us. He was very concerned about us. After the riot and floods, Bishop worked hard to resettle things and supported the needy with their basic needs. In 1993, I lost my beloved father and Bishop personally came and consoled me and celebrated Mass for my father. It was a great consolation for me. At the end of the same year, I was transferred to Thrissur. Whenever he came to Thrissur, he used to visit our elderly and sick Sisters. At my request, he used to take class for our Novices too.

When Bishop was transferred to Thamarassery, he used to attend the funeral of our Sisters, and if he could not come, he would celebrate Qurbana for them whenever he passed by. In the year 2014, I lost my younger brother Paul in an accident. Bishop came to my home and prayed for my brother and consoled us all. I spoke to him last on 29th June 2020 on his Feast Day. He was very happy to hear from me from far Africa-Kenya and told me that he was no longer travelling now, but was confined to his room and needed assistance with everything. He assured me that he was constantly praying for everyone.

I believe that Faith in action is Love; Love in action is service. Here is a man who worked for others and lived for others. May his soul rest in eternal peace.

# മറക്കാനാവാത്ത യാത്രകൾ



**Mrs. Elizabeth Joy Paul**
was a Pastoral Council Executive Member and a Member of Western Regional Catholic Conference during Mar Paul Chittilappilly's time. She belongs to Christ the King Church, Bhandup West.

ദൈവസന്നിധിയിലേക്ക് യാത്രയായ അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിനെപ്പറ്റി ഓർക്കുമ്പോൾ ഏറ്റവും ആദ്യമായി മനസ്സിലോടിയെത്തുന്നത്, താമരശ്ശേരി രൂപതയിലെ സ്ഥാനാരോഹണ ചടങ്ങിനുശേഷം തിരിച്ചുപോരാൻ ഞങ്ങൾ ബസ്സിലിരിക്കുമ്പോൾ, പെട്ടെന്ന് പിതാവ് ബസ്സിലേക്ക് കയറി വന്നതാണ്. അത് ഞങ്ങളെ ഞെട്ടിച്ചു കളഞ്ഞു. അനുമോദനാശംസകൾക്കായി പ്രമുഖർ അന്വേഷിച്ചു നടക്കുമ്പോഴാണ് പിതാവ് ഞങ്ങളിരുന്ന ബസ്സിലേക്ക് വന്നു കയറിയതും ഒരോരുത്തരുടേയും തോളിൽ തട്ടി നന്ദിയും സ്നേഹവും പ്രകടിപ്പിച്ചതും. ഞങ്ങളിൽ ഒരാൾക്കും അത് നിറകണ്ണുകളോടെയല്ലാതെ ഓർമ്മിക്കാനാവില്ല. ബസ്സ് പാർക്ക് ചെയ്തിരുന്നിടത്തേക്ക് നല്ല ദൂരവും കുത്തനെ ഇറക്കവും ഉണ്ടായിരുന്നു എന്നിട്ടും പിതാവിന് നമ്മോടുള്ള സ്നേഹത്തിനും കരുതലിനും ഈ നടന്നുവരവ് ഒരു തടസ്സമല്ലായിരുന്നു എന്ന് ഒരിക്കൽ കൂടി തെളിയിച്ചു തന്നു.







ട്രെയിനിൽ യാത്ര ചെയ്യുമ്പോഴെല്ലാം ഓർമ്മയിൽ ഓടിയെത്തുന്ന ഒരു യാത്രയായിരുന്നു രണ്ടു പിതാക്കന്മാരോടും രൂപതയിലെ ബഹുമാനപ്പെട്ട അച്ചന്മാരോടും സിസ്റ്റേഴ്സിനോടും പ്രതിനിധികളോടും ഒരുമിച്ചുള്ള ആ യാത്ര. ട്രെയിനിൽ വച്ചുള്ള ചീട്ടുകളി മദ്ധ്യേ ശ്രദ്ധിക്കാതെ ഞാൻ ഒരു ചീട്ട് എതിർ കക്ഷിക്ക് ഇട്ടുകൊടുത്തപ്പോഴുള്ള പിതാവിന്റെ മുഖവും കളിയാക്കലും ഒരിക്കലും മനസ്സിൽ നിന്ന് മായുന്നതല്ല. കളിയും കർത്തവ്യവും ഒരുപോലെ ആസ്വദിക്കുന്ന ഒരു പിതാവിനെ അപ്പോൾ ഞാൻ കണ്ടു. സന്ധ്യക്ക് ജപമാല തുടങ്ങാൻ ഞങ്ങൾ ഓരോരുത്തരും മടി കാണിച്ചപ്പോൾ അതിനർത്ഥം ആരും കുടുംബത്തിൽ ജപമാല ചൊല്ലാറില്ല എന്നതല്ലേ എന്ന് ചോദിച്ച് തുടങ്ങാൻ പ്രേരിപ്പിച്ചു.

ട്രെയിനിൽ ഒരു ദിവ്യബലി അർപ്പിക്കണമെന്ന പിതാവിന്റെ ആഗ്രഹം നിറവേറ്റാൻ ബ. ജേക്കബ്ബ് പൊറത്തൂരച്ചൻ എല്ലാ സംവിധാനങ്ങളും ചെയ്തിരുന്നു. ബോഗിയുടെ മദ്ധ്യഭാഗം നോക്കി അതിന്റെ ഇടക്കുള്ള ബെർത്ത് തീരുമാനിച്ചപ്പോൾ അത് എന്റേതായി വന്നതും ഒരു ദൈവനിശ്ചയം! രണ്ടു പിതാക്കന്മാരും കൂടി അർപ്പിച്ച ദിവ്യബലിയിൽ സഹായികളിൽ ഒരാളാകാനും ദൈവം എന്നെ അനുവദിച്ചു. പിതാക്കന്മാർ ഞങ്ങളോടൊത്ത് ദിവ്യബലി അർപ്പിച്ചിടത്ത് അന്നു രാത്രി കിടക്കുമ്പോൾ മനസ്സിൽ അലതല്ലിയ ദൈവാനുഗ്രഹ ചിന്തയും സന്തോഷവും വാക്കുകളിൽ ഒതുങ്ങുന്നതല്ല.

ഡോംബിവ്‌ലി ഇടവക തലത്തിൽ യാത്രയയപ്പ് കൊടുത്തതിന്റെ മറുപടി പ്രസംഗത്തിൽ പിതാവ് നർമ്മം കലർത്തി എടുത്ത പറഞ്ഞ ഒരു കാര്യം പ്രത്യേകം അനുസ്മരിക്കട്ടെ, "ചെറുപ്പക്കാരനും, സൗമ്യനും, സുന്ദരനും എല്ലാറ്റിലുമുപരി ദിവ്യകാരുണ്യത്തിന്റെ ഉപാസകനുമായ പുതിയ പിതാവിനെ രൂപത ഏല്പിക്കുമ്പോൾ, മകളെ യോഗ്യനായ ഒരു ഭർത്താവിനെ ഏല്പിക്കുമ്പോൾ ഒരപ്പനുണ്ടാകുന്ന തൃപ്തിയാണ് എനിക്കുള്ളത്. ചിറ്റിലപ്പിള്ളി പിതാവിന്റെ ഈ വാക്കുകൾ വിഷാദത്തിനിടയിലും ചിരി പടർത്തി.

60-ാം ജന്മദിനാഘോഷത്തിൽ സമ്മാനങ്ങൾ സ്വീകരിക്കാതെയും ആഡംബരങ്ങൾ കുറച്ചും ബിഷപ്സ് ഹൗസിൽ ഒരു നല്ല ലൈബ്രറി വേണമെന്നതായിരുന്നു പിതാവിന്റെ ആഗ്രഹം. അർഹിക്കുന്നിടത്ത് അഭിനന്ദിക്കാൻ പിതാവ് പിശുക്ക് കാട്ടിയിരുന്നില്ല. പ്രോത്സാഹിപ്പിച്ച് പ്രവർത്തിപ്പിക്കാനും പരിശ്രമിച്ചിരുന്നു. തെറ്റുകൾ സന്ദർഭോചിതം ചൂണ്ടികാണിക്കുന്നതിലും സ്വയം തിരുത്തി കാണിച്ചും മാതൃകയാകുന്നതിലും മുന്നിലായിരുന്നു. പിതാവിന്റെ കാളവണ്ടിയിലെ യാത്രകൾ പുതു തലമുറക്ക് ഒരു പക്ഷേ കേട്ടുകേൾവിയുണ്ടാകും.

മാതൃരൂപതയിലെ പിതാക്കന്മാരെ വളരെ ദൂരെ നിന്ന് മിന്നായം പോലെ മാത്രം കണ്ടു വളർന്നിട്ട്, നമ്മുടെ രണ്ടു പിതാക്കന്മാരോടും ഇത്രയും അടുത്തിടപഴകാൻ സാധിക്കപ്പെട്ടപ്പോഴൊക്കെ ഇത് സ്വപ്നമാണോ എന്നു പോലും സംശയിച്ചിട്ടുണ്ട്. പിന്നീടുള്ള പ്രവർത്തനങ്ങൾക്ക് ഈ അനുഭവം ഉത്തേജനമായിരുന്നു.

അയക്കുന്ന എല്ലാ ആശംസകൾക്കും മുടങ്ങാതെ മറുപടി തരികയും അവിടെ ചെല്ലുന്നവരോട് പേരു പറഞ്ഞ് അന്വേഷിക്കുകയും ചെയ്യുന്ന പിതാവിന്റെ ഓർമ്മയും കരുതലും നമ്മെ അത്ഭുതപ്പെടുത്തും.

ഇനി നിത്യതയിൽ കണ്ടുമുട്ടാമെന്ന് ആശ്വസിച്ചും പിതാവിന്റെ ആത്മശാന്തിക്കായ് എന്നും പ്രാർത്ഥിച്ചും കലർപ്പില്ലാത്ത ആ സ്നേഹത്തിനുമുമ്പിൽ ശിരസ്സ് നമിക്കുന്നു.

# REMEMBERING BISHOP MAR PAUL CHITILLAPPILLY





**Joseph John Chittilapilly**
was the Diocesan Animator of the first Youth Executive Committee (DEXCO). He belongs to Infant Jesus Church, Vikhroli.

The news of the erection of our eparchy in 1988, made me conscious for the first time about the Syro-Malabar Rite and the various other churches in communion that comprised the One Holy Catholic and Apostolic Church. At every forum for the youth across the eparchy, Mar Paul Chittilapilly addressed one consistent theme frequently – the



**We are deeply grateful to him, for shaping the Youth ministry in its infancy, which laid a foundation to steer the movement to its present growth.**



history of the Church, the different churches, the liturgical families, difference between various Rites, and so on. He left no stone unturned to impart this catechesis to the youth. We are very profoundly indebted to him, for obeying the Holy Synod regarding our Divine Liturgy. He had a great influence on me during my assignment as the Diocesan Animator of the first Youth Executive Committee (DEXCO). His inspiration, his timely advices, his presence at our programmes and his genuine love and hope for his youth was noteworthy. We are deeply grateful to him, for shaping the Youth ministry in its infancy, which laid a foundation to steer the movement to its present growth. He did not have any qualms in sharing his books with me. I still cherish the moments he spared to answer our ecclesial and ecclesiastical queries, despite his hectic engagements, which helped us into a course to know and love Christ and His Church, with all our shortcomings.

After our marriage, my first outing with my wife was to the Bishop's House of Thamarassery to seek his blessings. During his visit to Mumbai, for our eparchy's Silver Jubilee celebrations, he handed over an autographed copy of his book, written on the Chittilapilly family and its roots. As our eparchy was celebrating 30 years of its erection two years ago, we visited him at Thamarassery again. By now he was the Bishop Emeritus. He asked us to join him for lunch, which we readily agreed to. As usual, he began with the dessert and then proceeded to the main course. We could notice that the Parkinson's ailment was slowy taking toll on his health, but with his sharp memory intact, he still inquired about various people and the completion of bridges and other projects in Mumbai. He was indeed our '*Pithaav* in faith'. His doctoral thesis at the Lateran University in Rome was on the possibility of Patriarchate for the Syro-Malabar Church. Like Bishop Mar Paul Chittilapilly, we too, in God's time, "look forward to seeing our Holy Church elevated to the status of Patriarchate". May eternal rest grant unto him O Lord, and let Perpetual Light shine upon him. *Requiescat in Pace*.


ഓർമ്മചിത്രങ്ങൾ...

Printed and Published by **Fr. SHAPHY MUDAKKALIL** on behalf of **ST. BARTHO CHARITABLE FOUNDATION**, Printed at **SBM PRINTERS**, C-130, ANSA INDUSTRIAL ESTATE, SAKI VIHAR ROAD, SAKI NAKA, ANDHERI (EAST), MUMBAI 400 072 and Published from **ST. BARTHO CHARITABLE FOUNDATION**, PLOT NO. B-38, BISHOP'S HOUSE, IIT PO, HANUMAN MANDIR ROAD, POWAI, MUMBAI 400 076. Editor: **Fr. BIJU MANNAMCHERIL Kalyan Lantern Regn. No.: MAHBIL/2015/63218 | Postal Regn. No.: MNE/353/2018-20 | WPP No. MR/Tech/WPP-323/NE/2018 Posted at IIT Post Office, on 5th of every month**

